# ഇന്ത്യൻ തൊഴിലാളി

മാസിക

ഏപ്രിൽ









WHAT IS YOUR PLUS FACTOR?
COME FIND OUT!
popkon.in
*T&C apply
PLANET FASHION
SUBWAY
easybuy
mothercare
archies
HELIOS THE WATCH STORE by TITAN
Allen Solly
PLANET JEWEL
PLUS Club members get added benefits for shopping!
▪ Loyalty points on purchases* ▪ Exclusive offers and rewards
Kowdiar, Trivandrum | 0471 2727374 | www.styleplus.in
Style PLUS
THE LOCAL GLOBAL STORE


INTUC
പ്ലാറ്റിനം ജൂബിലി ആഘോഷം
2022 മേയ് 2-3
തിരുവനന്തപുരം
ദേശീയ വർക്കിംഗ് കമ്മിറ്റി
കെ.കരുണാകരൻ സ്മാരക മന്ദിരം ഉദ്ഘാടനം
INTUC MANDIRAM
INTUC STATE COMMITTEE OFFICE
29 സംസ്ഥാനങ്ങളിൽ നിന്നായി 5000 പ്രതിനിധികൾ പങ്കെടുക്കുന്നു.

100 YEARS OF AYURVEDA TRADITION



Late A.K.Paulose Vaidyan

## ഞങ്ങളുടെ ചികിത്സ നേടിയവർ പറയുന്നു!



# 'ആസ്ത്മയും അലർജിയും ഒരു മാറാരോഗമല്ല!'

100 വർഷത്തിന്റെ മികവിൽ...
പ്രത്യേക പാരമ്പര്യ ആയുർവേദ
ചികിത്സയുമായി
സെന്റ്. പോൾസ് ആയുർവേദ.

ഡോ. നീമ പോൾ B.A.M.S.
(ചീഫ് മെഡിക്കൽ ഓഫീസർ)

Drug Lic.No: 23/25D/2016



ST.PAULS™
AYURVEDA
SINCE1920

എൽദോ വൈദ്യൻ
സെന്റ്. പോൾസ് ആയുർവേദ

ചികിത്സാവിധിയെക്കുറിച്ചു കൂടുതൽ അറിയുവാൻ: ഡോ. ആശ B. BAMS, മെഡിക്കൽ ഓഫീസർ

**Trivandrum: 944 736 9941**

| | | | | | |
|---|---|---|---|---|---|
| • TRIVANDRUM | : 944 736 9941 | • KUTTIADY | : 755 891 2041 | • S.BATHERY | : 755 992 2041 |
| • CALICUT | : 920 782 2041 | • PALA | : 906 136 2041 | • VALANCHERY | : 751 050 2041 |
| • BANGALORE | : 751 060 2041 | • THIRUVALLA | : 751 068 2041 | • PANICHAYAM(HO) | : 952 620 2041 |
| • EDAPPALLY | : 920 774 2041 | • MANNARKKAD | : 906 106 2041 | • KANHANGAD | : 906 103 2041 |
| • KOLLAM | : 907 260 2041 | • VADAKKANCHERI | : 751 035 2041 | | |

ഇന്ത്യൻ തൊഴിലാളി മാസിക

# INDIAN THOZHILALI MAGAZINE

AN OFFICIAL PUBLICATION OF INTUC KERALA STATE COMMITTEE
K. Karunakaran Smaraka INTUC Mandiram, T.C. 78/1461 (4), Paruthikuzhi,
Manacaud P.O., Thiruvananthapuram - 695009, Kerala, India

2022 ഏപ്രിൽ പുസ്തകം 04 മാസിക ലക്കം 04 വില 20 രൂപ

Managing Editor:
SRI. R. CHANDRASEKHARAN
(President, INTUC State Committee)

Chief Editor cum Printer & Publisher:
SRI. V. J. JOSEPH
(General Secretary, INTUC State Committee)

Executive Editor:
SRI. SANKAR PILLAI KUMBALATHU
(Executive Member, INTUC State Committee)

Resident Editor:
SRI. K. P. THAMPI KANNADAN
(Vice President, INTUC State Committee)

Co-ordinating Editor:
SRI. K. G. MANOJ KUMAR

Editorial Board:
SRI. V. R. PRATHAPAN
(President, INTUC Trivandrum District)

SRI. P. S. PRASANTH
(Secretary, INTUC State Committee)

SMT. KRISHNAVENI G. SHARMA
(President, INTUC Women Workers Council )

## യുക്രെയിനിൽ യുക്രെയിൻ ജയിക്കും – റഷ്യയിൽ റഷ്യ ജയിക്കും

2022 ഫെബ്രുവരി 24 ന് തുടങ്ങിയ റഷ്യ – യുക്രൈൻ യുദ്ധം ആഴ്ചകൾ പിന്നിടുന്നു. ആയിരങ്ങൾ കൊല്ലപ്പെട്ടു. ഇതിൽ നൂറുക്കണക്കിന് നിരപരാധികളായ കുഞ്ഞുങ്ങളും ഉൾപ്പെടുന്നു. പതിനായിരങ്ങൾ പരിക്കേറ്റ് ജീവച്ഛവങ്ങളായിരിക്കുന്നു. 40 ലക്ഷംപേർ വീടും നാടും രാജ്യവും വിട്ട് പലായനം ചെയ്ത് കഴിഞ്ഞു. സൈനീക ശക്തിയും, ആയുധ ബലവും കൊണ്ട് സുരക്ഷയുള്ള ഭരണാധികാരികൾക്ക് ന്യായീകരണങ്ങൾ ഏറെയുണ്ടാകും. അവർക്ക് വെല്ലുവിളികളും, ആണവ ഭീഷണികളും ഉയർത്താം. സമ്പന്നർക്കും കുടുംബങ്ങൾക്കും സുരക്ഷിതരാജ്യങ്ങളിൽ അഭയം പ്രാപിക്കാം. എന്നാൽ എല്ലാം അനുഭവിക്കേണ്ടി വരുന്നത് തൊഴിലെടുത്ത് ജീവിക്കുന്ന തൊഴിലാളികളും സാധാരണക്കാരുമായ മനുഷ്യരാണ്.

ചരിത്രത്തിൽ യൂറോപ്പ് എന്നും യുദ്ധക്കളമാണ്. യൂറോപ്യൻ ഭരണാധികാരികൾക്ക് യുദ്ധം എക്കാലത്തും ഒരു ലഹരിയാണ്. വളരെ ചെറിയ വിഷയങ്ങളിൽപോലും യുദ്ധം പ്രഖ്യാപിക്കുന്ന സംസ്കാരത്തിന്റെ ഉടമകളാണ് യൂറോപ്യൻ രാജ്യങ്ങൾ.

ഓസ്ട്രിയൻ കിരീടാവകാശിയായിരുന്ന ആർച്ച് ഡ്യൂക്ക് ഫ്രാൻസീസിനെയും ഭാര്യയെയും ബോസ്നിയ സ്വാതന്ത്ര്യ സമര പോരാളിയായിരുന്ന ഹാപ്ലിലോ എന്ന വ്യക്തി 1914 ജൂൺ 28 ന് വധിച്ചു. ഇതാണ് ഒന്നാം ലോകമഹായുദ്ധത്തിന് കാരണമായത്. 4 വർഷം നീണ്ടു നിന്ന ഈ യുദ്ധത്തിൽ പരാജയപ്പെട്ട് കീഴടങ്ങിയതിന്റെ അപമാനത്തിൽ നിന്നും മോചിതരാകാനാണ് രണ്ടാം ലോകമഹായുദ്ധത്തിന് ഹിറ്റ്ലറുടെ നേതൃത്വത്തിൽ ജർമ്മനി തുടക്കമിട്ടത്. ഒന്നാം ലോകമഹായുദ്ധത്തിൽ രണ്ട് കോടി പേർ കൊല്ലപ്പെട്ടു. കോടിക്കണക്കിന് പേർ ഗുരുതരാവസ്ഥയിൽ ആയി. നാശനഷ്ടങ്ങളുടെ കണക്കുകളും ഏറെ. രണ്ടാം ലോകമഹായുദ്ധത്തിൽ 8 കോടിപേർ കൊല്ലപ്പെട്ടു. ദശകോടികൾ അംഗവൈകല്യം ബാധിച്ചവരും, രോഗാതുരരുമായി മാറി. നാശനഷ്ടങ്ങൾ ഊഹിക്കാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. ആണവായുധ പ്രയോഗത്തിന്റെ ശക്തിയും, വിനാശവും ഈ യുദ്ധത്തിലൂടെ ലോകം അനുഭവിച്ചറിഞ്ഞു.

ഇന്ന് ഏതാണ്ട് അതേ രൂപഭാവത്തിലാണ് റഷ്യയും യുക്രൈനും യുദ്ധത്തിന് ആരംഭം കുറിച്ചിരിക്കുന്നത്. ഈ യുദ്ധവും രണ്ട് യൂറോപ്യൻ രാജ്യങ്ങൾ തമ്മിലാണ്. 1917 ൽ പഴയ സോവിയറ്റ് യൂണിയന്റെ ഭാഗമായി മാറിയ യൂറോപ്യൻ രാജ്യമാണ് യുക്രൈൻ. 1991 ൽ സോവിയറ്റ് യൂണിയൻ തകർന്നപ്പോൾ പ്രത്യേക രാജ്യമായി മാറി. കേരളത്തെക്കാൾ 16 ഇരട്ടി വലിപ്പവും, കേരളത്തിന്റെ ജനസംഖ്യയ്ക്ക് തുല്യമായ 4 കോടി ജനങ്ങളും ഉള്ള രാജ്യമാണ് യുക്രൈൻ. ആണവശക്തിയിൽ ലോകത്തെ 4–ാം സ്ഥാനത്തായിരുന്ന ഈ കൊച്ചുരാജ്യം, ആണവായുധ നിർവ്യാപന കരാറിന്റെ പേരിൽ ആണവായുധങ്ങളെല്ലാം നിർവ്വീര്യമാക്കി ലോകസമാധാനത്തിന് മുൻകൈയെടുത്തു.

റഷ്യയാകട്ടെ ഇന്ത്യയുടെ 5 ഇരട്ടി വലിപ്പവും, 15 കോടി ജനങ്ങളും ഉള്ള രാജ്യം. പഴയ സോവിയറ്റ് യൂണിയനിലെ പ്രധാനരാജ്യം. ലോക ആണവശക്തികളിൽ രണ്ടാം സ്ഥാനത്തുള്ള രാജ്യം. ആനക്കൂട്ടം ഉറുമ്പിൻക്കൂട്ടത്തെ ആക്രമിക്കുന്നതുപോലെ റഷ്യ യുക്രൈനെ ആക്രമിച്ചിരിക്കുന്നു. 1917 മുതൽ 1991 വരെ 74 വർഷം ഒരമ്മപെറ്റ മക്കളെപ്പോലെ സഹോദരീ സഹോദരന്മാരായി കഴിഞ്ഞ ജനങ്ങളും രാജ്യവും ആണ് യുക്രൈനും, റഷ്യയും. റഷ്യയ്ക്കെതിരെ നിലപാട് സ്വീകരിച്ച് അമേരിക്കയും, ബ്രിട്ടണും ഉൾപ്പെടുന്ന നാറ്റോ സഖ്യം രംഗത്ത് വന്നു കഴിഞ്ഞു. എന്നാൽ നേരിട്ട് യുദ്ധത്തിലേക്ക് കടന്നിട്ടില്ല. ആണവായുധം പ്രയോഗിക്കുമെന്ന ഭീഷണി റഷ്യ ഉയർത്തിയിരിക്കുന്നു. ചൈന റഷ്യയ്ക്ക് സ്വാഭാവിക പിന്തുണ നൽകുന്നു. ഒന്നും, രണ്ടും ലോകമഹായുദ്ധത്തിന് സമാനമായ ശാക്തിക ചേരികളുടെ ഉരുണ്ടുകൂടലാണ് രൂപപ്പെടുന്നത്. ഇത് മറ്റൊരു മൂന്നാം ലോകമഹായുദ്ധത്തിലേക്ക് നയിക്കപ്പെടുമോ എന്ന ആശങ്കയിലാണ് ലോകജനത.

മലയാളികൾ ഉൾപ്പെടുന്ന ഇരുപതിനായിരത്തോളം ഇന്ത്യൻ വിദ്യാർത്ഥികളും മരണത്തെ മുഖാമുഖം കണ്ട് കഷ്ടപ്പെട്ടതിന്റെ നേർകാഴ്ച നമ്മൾ കണ്ടു കഴിഞ്ഞു.

യുദ്ധം തുടങ്ങിയ നാൾമുതൽ ലോകമാകെ സാമ്പത്തിക, വ്യവസായിക, വാണിജ്യ പ്രതിസന്ധികളിൽപ്പെട്ടിരിക്കുന്നു. നാനാമേഖലകളിലും വിലക്കയറ്റം അതിരൂക്ഷമാണ്. തൊഴിലില്ലായ്മയും, പട്ടിണിയും വർദ്ധിക്കുമെന്ന് ഐക്യരാഷ്ട്ര സഭയും ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനും മുന്നറിയിപ്പ് നൽകുന്നു.

ഈ സാഹചര്യത്തിലാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ലോകത്തിലെ 120 രാജ്യങ്ങളെ കോർത്തിണക്കി 1961 ൽ രൂപീകരിച്ച ചേരിചേരാ സഖ്യത്തിന്റെ പ്രസക്തി ബോദ്ധ്യപ്പെടുന്നത്. പല സംഘർഷങ്ങളും ഒഴിവാക്കുവാനും, അയവ് വരുത്തുവാനും ഈ ജനകീയ ശാക്തിക ചേരിക്ക് കഴിഞ്ഞിരുന്നു എന്നത് ചരിത്രം അടയാളപ്പെടുത്തുമ്പോൾ ഇന്ന് ഈ ശക്തി കേന്ദ്രം എവിടെ? എന്ന ചോദ്യത്തിന് പ്രസക്തിയേറുന്നു.

എന്തായാലും എന്നായാലും ഈ യുദ്ധവും അവസാനിക്കും, നിരപരാധികളായ കൂറെയേറെ ജനങ്ങൾ കൊല്ലപ്പെടും, ശിഷ്ട മനുഷ്യ ജീവിതം ദുരിതത്തിലാകും. അപ്പോഴും റഷ്യയിൽ റഷ്യ ജയിച്ചു എന്നും, യുക്രൈനിൽ യുക്രൈൻ ജയിച്ചു എന്നും വിജയാരവങ്ങൾ മുഴങ്ങും. യുദ്ധത്തെപ്പറ്റി പ്രശസ്ത എഴുത്തുകാരൻ അന്തരിച്ച ഒ.വി. വിജയൻ പറഞ്ഞതുപോലെ.

ആർ. ചന്ദ്രശേഖരൻ
മാനേജിംഗ് എഡിറ്റർ

Printed and Published by V.J. Joseph, K. Karunakaran Smaraka INTUC Mandiram,
T.C. 78/1461 (4), Paruthikuzhi, Manacaud. P.O., Trivandrum – 695 009, Kerala, India


Registered RERA Registered
K-RERA/PRJ/TVM/086/2021
MARUTHAM GROUP
... building values
An ISO 9001:2015 Company
Marutham
CREST
ONE 35
LIVE LIFE AT ITS PEAK
NH Bypass, Near LULU Mall, Thiruvananthapuram
Marutham Crest One35 is a perfect statement of finest standard of living with 30 splendid 2 & 3BHK homes. Thoughtfully located at the most strategic location in Thiruvananthapuram, pure work of art with fabulous elevation, well thought amenities for an opulent lifestyle, neatly appointed pathways, best in class specs and more to explore in this One35 feet of masterpiece which spells elegance in every sqft. Live your life at its peak right here.
+91 93881 55336
www.maruthamgroup.com | www.maruthamgroup.in



# ദേശീയ പണിമുടക്ക് വൻവിജയം

## അഭിനന്ദനങ്ങൾ




**ആർ. ചന്ദ്രശേഖരൻ**

ഐ.എൻ.റ്റി.യു.സി.
സംസ്ഥാന പ്രസിഡന്റ്
ദേശീയ വൈസ് പ്രസിഡന്റ്


രാജ്യത്തെ 64 കോടിയോളം വരുന്ന തൊഴിലാളികളുടെയും, പാവപ്പെട്ടവരുടെയും ജീവൽ സ്പർശിയായ ദ്വിദിന പണിമുടക്ക് അക്ഷരാർത്ഥത്തിൽ രാജ്യത്തെ സ്തംഭിപ്പിച്ചു. 25 കോടി തൊഴിലാളികൾ ഈ പണിമുടക്കിൽ പങ്കെടുത്തു എന്ന റിപ്പോർട്ട് പുറത്തു വന്നിരിക്കുന്നു. തൊഴിലാളികളുടെയും പാവപ്പെട്ടവരുടെയും ജീവിതപ്രശ്നങ്ങൾ പരിഹരിക്കുവാനോ തൊഴിലാളി സംഘടനകൾ ഉന്നയിച്ചു വന്ന ആവശ്യങ്ങൾ കേൾക്കുവാനോ മാന്യമായി ചർച്ച ചെയ്ത് പരിഹരിക്കുവാനോ സർക്കാർ തയ്യാറായില്ല. മറിച്ച് കർഷകരോട് നടത്തിയ വെല്ലുവിളികൾപോലെ തൊഴിലാളികളോടും, ട്രേഡ് യൂണിയനുകളോടും ധാർഷ്ട്യ ഭാവമാണ് സർക്കാർ സ്വീകരിച്ചത്.

ഭരണക്കൂടം ബോധപൂർവ്വം ക്ഷണിച്ചു വരുത്തിയ പണിമുടക്കായിരുന്നു ഇത്. ശതകോടികളുടെ നഷ്ടം രാജ്യത്തിനുണ്ടായി എന്ന് സർക്കാരും മാധ്യമങ്ങളും പറയുന്നു. അതിനെക്കാൾ എത്രയോ ഇരട്ടിയാണ് യാതാർത്ഥ നഷ്ടമെന്ന് തൊഴിലാളി സംഘടനകൾക്ക് അിറയാം. എന്നാലും ഈ പണിമുടക്ക് പൊതുസമൂഹത്തിന് എതിരായിരുന്നു എന്നു വരുത്തിതീർക്കാൻ സർക്കാരും കോർപ്പറേറ്റ് മാധ്യമങ്ങളും മെട്രോ നഗരങ്ങളിലെ വാഹന ചലനം ടെലിവിഷൻ ചാനൽ വഴി പെരുപ്പിച്ച് കാണിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. എന്നാൽ ചെറുകിട വൻകിട ഫാക്ടറികളുടെയും ബാങ്കിംഗ് ഉൾപ്പടെയുള്ള ധനകാര്യസ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ സ്തംഭനത്തിലായതും വാണിജ്യ മേഖലകളിലെ ചരക്ക് നീക്കങ്ങളും തോട്ട -നിർമ്മാണ മേഖലകൾ നിശ്ചലമായതിനെ കുറിച്ചും ഇതേ മാധ്യമങ്ങൾ മൗനം പാലിച്ചു.

ഇന്ധനവില വർദ്ധനവ് അസഹനീയമായി മാറി. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം മൂലം തൊഴിലാളികളുടെയും സാധാരണക്കാരുടെയും ജീവിതം ദുരിതത്തിലാണ്. തൊഴിൽനിയമങ്ങളെല്ലാം ലംഘിക്കപ്പെടുന്നു. തൊഴിൽ വകുപ്പിനെ നോക്കുകുത്തിയാക്കി മാറ്റി. പൊതുവിൽ ജോലിയും ഇല്ല കൂലിയും ഇല്ല എന്ന അവസ്ഥയിലാണ് തൊഴിലാളികൾ. ചെയ്ത ജോലിക്ക് കൂലി ലഭിക്കാത്ത സംഭവങ്ങളും നിരവധിയാണ്. താങ്ങാനാവാത്ത ജോലി ഭാരം മൂലം തൊഴിലാളികളും ജീവനക്കാരും കടുത്ത മാനസിക സമ്മർദ്ദം നേരിടുന്നു. ദിവസക്കൂലിക്കാർ മുതൽ ആറക്ക ശമ്പളം വാങ്ങുന്നവർ വരെ ഈ സമ്മർദ്ദത്തിൽപ്പെട്ട് മദ്യത്തിലും മയക്കുമരുന്നിലും ആശ്വാസം കണ്ടെത്തുന്നു. സ്വസ്ഥമായ കുടുംബജീവിതം പോലും തകർക്കപ്പെടുകയാണ്. തൊഴിൽ സമ്മർദ്ദം താങ്ങാനാവാതെ ആത്മഹത്യ ചെയ്യുന്നവരുടെ വാർത്തകളും ദൈനംദിനം കേൾക്കുന്നു. ഇതിനെല്ലാം പരിഹാരം ഉണ്ടാക്കേണ്ട സർക്കാർ റോമ നഗരം കത്തിയെരിഞ്ഞപ്പോൾ വീണ മീട്ടി ആസ്വദിച്ച നീറോ ചക്രവർത്തിയെപോലെയായി മാറിയിരിക്കുന്നു. ഇതിനെതിരെ ആയിരുന്നു ഈ പണിമുടക്ക്.

സാമൂഹ്യസുരക്ഷ പദ്ധതിയായി നെഹ്റു സർക്കാർ 1948 ൽ നടപ്പിലാക്കിയ ഇ.എസ്.ഐ. ഉം 1952 ലെ എപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടും ഇന്ദിരാഗാന്ധി സർക്കാർ 1965 ൽ നടപ്പിലാക്കിയ ബോണസ്സും 1972 ലെ ഗ്രാറ്റുവിറ്റിയും ഉൾപ്പടെ മറ്റെല്ലാ ക്ഷേമനിധി ആനുകൂല്യങ്ങളും നിയമമൂലം സംരക്ഷിക്കപ്പെട്ടിരുന്നു എങ്കിൽ ഇന്ന് അവയെല്ലാം ഇല്ലായ്മ ചെയ്യപ്പെടുന്ന സ്ഥിതിയാണ്.

എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെ രാജ്യത്ത് നിലനിന്ന 29 തൊഴിലാളി സംരക്ഷണ നിയമങ്ങൾ റദ്ദ് ചെയ്ത് പകരം 4 പുതിയ ലേബർ കോഡുകൾ കൊണ്ടു വന്നു. കോർപ്പറേറ്റുകൾ നിർദ്ദേശിച്ച തൊഴിലാളിവിരുദ്ധ വ്യവസ്ഥകളാണ് ഇതിലെ ഉള്ളടക്കം. തൊഴിലാളി സംഘടനകളുമായി കൂടിയാലോചിക്കാതെയും, പാർലമെന്റിൽ ചർച്ച ചെയ്യാതെയും, എല്ലാ കീഴ്വഴക്കങ്ങളെയും മറികടന്നാണ് ഈ കോഡുകളുടെ നിയമനിർമ്മാണം നടത്തിയത്.

മിനിമം വേതനത്തിന് പകരം തറവേതനം (floor wage) നൽകിയാൽ മതിയെന്നും, സ്ഥിരം നിയമനത്തിന് പകരം നിശ്ചിതകാല (Fixed Term) ജോലി മതിയെന്നും സമരം ചെയ്താൽ ജയിലിലിലടക്കുമെന്നുമുള്ള 3 വ്യവസ്ഥകൾ മാത്രം എടുത്താൽ ഈ കോഡുകൾ തൊഴിലാളി വിരുദ്ധമെന്ന് കാണാൻ കഴിയും. നാമമാത്രമായതാണെങ്കിലും തൊഴിലാളി ക്ഷേമപദ്ധതികളെല്ലാം സർക്കാരിന്റെ ബഡ്ജറ്റ് കമ്മി ഉയർത്തും എന്നതിനാൽ അനാവശ്യമാണെന്ന വിലയിരുത്തലിലാണ് ഭരണാധികാരികൾ.

# സംയുക്ത ട്രേഡ് യൂണിയൻ ദേശീയ കവെൻഷൻ അംഗീകരിച്ച 2022 മാർച്ച് 28, 29 – ദേശീയ പണിമുടക്കിന് കാരണമായ ആവശ്യങ്ങൾ

1. **തൊഴിൽ നിയമഭേദഗതികൾ പിൻവലിക്കുക.**
2. കർഷകനിയമം പിൻവലിച്ചതോടൊപ്പം കർഷകർ ഉന്നയിച്ച 6 പ്രധാന ആവശ്യങ്ങൾ കൂടി അംഗീകരിക്കുക.
3. പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പന ഉപേക്ഷിക്കുകയും രാജ്യവിരുദ്ധ ദേശീയ സാമ്പത്തിക ഇടനാഴി പ്രവർത്തനങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുക.
4. കോവിഡ് കാലത്ത് ആദായനികുതിക്ക് പുറത്തുള്ള എല്ലാ കുടുംബങ്ങൾക്കും, ആവശ്യമായ ഭക്ഷണവും, ജീവിതാവശ്യങ്ങൾക്കായി പ്രതിമാസം 7500 രൂപാ വീതം അനുവദിക്കുകയും ചെയ്യുക.
5. മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുകയും ഈ പദ്ധതി പട്ടണപ്രദേശത്ത് കൂടി നടപ്പിലാക്കുകയും ചെയ്യുക.
6. അസംഘടിത മേഖലാ തൊഴിലാളികൾക്ക് ന്യായമായ പെൻഷനും സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയും നടപ്പിലാക്കുക.
7. ദേശീയാടിസ്ഥാനത്തിൽ മിനിമം കൂലി 21000 രൂപയാക്കി നിശ്ചയിച്ച് നടപ്പിലാക്കുക.
8. ബോണസ്സിനും, ഇ.എസ്.ഐ.ക്കും, ഇ.പി. എഫ്. നും ഇുള്ള പരിധി എടുത്തു കളയുക.
9. അങ്കണവാടി, ആശ, സ്കൂൾ പാചക തൊഴിലാളികൾ ഉൾപ്പടെയുള്ള സ്കീം തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കുക.
10. രോഗ മഹാദുരന്തത്തിൽ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ശരിയായ ഇൻഷ്വറൻസ് സംരക്ഷണം ഉറപ്പ് വരുത്തുക.
11. ദേശീയ സമ്പദ്ഘടന മെച്ചപ്പെടുത്തുവാൻ കോർപ്പറേറ്റുകളിൽ നിന്നും അധിക വരുമാന നികുതി ഈടാക്കി ഈ തുക പൊതു ആരോഗ്യ – വിദ്യാഭ്യാസ – കാർഷിക – കുടിവെള്ള മേഖലകളിലും മറ്റ് പൊതു സംവിധാനങ്ങളിലും വിനിയോഗിച്ച് തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും സഹായമെത്തിക്കുക.
12. പെട്രോൾ, ഡീസൽ, പാചക വിലക്കയറ്റം നിയന്ത്രിക്കുതിനായി അമിതമായി വർദ്ധിപ്പിച്ച കേന്ദ്ര എക്സൈസ് ഡ്യൂട്ടി പിൻവലിച്ച് ഇന്ധനവില കുറയ്ക്കുക.
13. കരാർ തൊഴിലാളികൾക്കും, സ്കീം വർക്കേഴ്സിനും തുല്യ ജോലിക്ക് തുല്യവേതനം എന്ന നിലയിൽ വേതനം നടപ്പിലാക്കുകയും അവരെ സ്ഥിരപ്പെടുത്തുകയും ചെയ്യുക.
14. ഇ.പി.എഫ് പെൻഷൻ പദ്ധതിയിൽ മിനിമം പെൻഷനും സേവന കാലത്തിനനുസരിച്ച് ന്യായമായ പെൻഷനും ഉറപ്പ് വരുത്തുക.
15. അനിയന്ത്രിത വിലക്കയറ്റം കർശനമായി നിയന്ത്രിക്കുക.
16. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക.
17. ഐ.എൽ.ഒ. 87 ഉം 98 ഉം തീരുമാനങ്ങൾ നടപ്പിലാക്കുക.

" ILO കൺവെൻഷൻ 87 : സംഘടിക്കുവാനും ട്രേഡ് യൂണിയൻ രൂപീകരിക്കുവാനുമുള്ള സ്വാതന്ത്ര്യം

" ILO കൺവെൻഷൻ 98 : കൂട്ടായ വിലപേശലിനുള്ള അവകാശം.

സ്വകാര്യവൽക്കരണവും, ആഗോളവൽക്കരണവും നടത്തിക്കഴിഞ്ഞാൽ രാജ്യവും ജനങ്ങളും സ്വപ്നതുല്യജീവിതത്തിലേക്ക് കടക്കും എന്നാണ് ഭരണകൂടങ്ങളുടെ വാഗ്ദാനം. നൂറ്റാണ്ടുകളായി സ്വകാര്യവൽക്കരണത്തിന്റെ പാത പിന്തുടരുന്ന വികസിത രാജ്യങ്ങളെന്ന് അവകാശപ്പെടുന്ന അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും പലപ്പോഴും സാമ്പത്തിക ഊർദ്ധശ്വാസം വലിച്ചത് കണ്ടു കഴിഞ്ഞു. ഗ്രീസിന്റെ സാമ്പത്തിക പതനവും, ഇറ്റലിയുടെ സാമ്പത്തിക തകർച്ചയും ഇടയ്ക്കിടെ അഗ്നിപർവ്വതസ്ഫോടനം പോലെ നടക്കുന്ന മറ്റ് യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക തകർച്ചാ വിലാപങ്ങളും ഏറെയാണ്. ഇതിനെയെല്ലാം വിലയിരുത്തിയാൽ സ്വകാര്യ ആഗോളവൽക്കരണ നയങ്ങൾ രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കില്ല എന്നു കാണാം.

മാവോയുടെ മരണശേഷം ചൈനയിൽ അധികാരത്തിൽ വന്ന ഡെങ്ങ് സിയാവോ പിംഗ് 1978 മുതൽ അവിടെ ആഗോള സ്വകാര്യവൽക്കരണ നയങ്ങൾ നടപ്പിലാക്കി. പൂച്ച കറുത്തതോ വെളുത്തതോയെന്ന് നോക്കണ്ട എലിയെ പിടിക്കുന്നുണ്ടോ എന്ന് നോക്കിയാൽ മതി എന്ന ന്യായീകരണത്തിൽ അദ്ദേഹം ഉറച്ചു നിന്നു. ചൈനയിൽ നടപ്പിലാക്കിയ ഈ നയത്തിന് സോഷ്യലിസ്റ്റ് മാർക്കറ്റ് എക്കണോമി എന്ന പേരും അദ്ദേഹം ചാർത്തി നൽകി. ഇതിന്റെ പേരിൽ ആഗോള സ്വകാര്യ നവലിബറൽ നയങ്ങൾ ചൈനയിൽ അരങ്ങ് തകർത്തു. അമേരിക്ക കഴിഞ്ഞാൽ ലോക കോടീശ്വരന്മാരുടെ എണ്ണത്തിൽ 10% ഉം ആയി രണ്ടാമതെത്തി ചൈന. എന്നാൽ കഴിഞ്ഞ 44 വർഷമായി ഈ നയത്തിന് കീഴിലായ ഈ രാജ്യവും ജനങ്ങളും പുരോഗതിയിലും നല്ല ജീവിതത്തിലുമായി എന്ന് ചൈന പോലും അവകാശപ്പെടുന്നില്ല.

പഴയ സോവിയറ്റ് യൂണിയന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല. 1985 ൽ ഗോർബചോവിന്റെ നേതൃത്വത്തിൽ ഗ്ലാസ്നോസ്റ്റും – പെരിസ്ട്രോയിക്കയുമായി ആരംഭിച്ച ആഗോള സ്വകാര്യവൽക്കരണ നവലിബറൽ സാമ്പത്തികനയം കേവലം 6 വർഷം പിന്നിട്ടപ്പോൾ 1991 ൽ ആ രാജ്യം തന്നെ 16 വ്യത്യസ്ത രാജ്യങ്ങളായി ചിന്നഭിന്നമാകുന്ന സ്ഥിതിയിലായി. ലോക കോടീശ്വരപട്ടികയിൽ ഇടംപിടിക്കാൻ അവിടെയും ആളുകളുണ്ടായി. ഈ നയത്തിന് പിന്നാലെപോയ 37 വർഷത്തെ സോവിയറ്റ് യൂണിയന്റെ പരിതാപകരമായ സ്ഥിതി സ്വന്തം അസ്തിത്വം തന്നെ ഇല്ലാതാക്കി.

ലോകത്തിലെ രണ്ട് പ്രധാന സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളായ ചൈനയും, സോവിയറ്റ് യൂണിയനും കാപ്പിറ്റലിസത്തിന്റെ ഭാഗമായ ആഗോള സ്വകാര്യവൽക്കരണ നവലിബറൽ സാമ്പത്തിക നയങ്ങളിലേക്ക് കടന്നപ്പോൾ, നെഹ്റുവിന്റെ ഫാബിയൻ സോഷ്യലിസവും (സമ്മിശ്ര സമ്പത്ത് വ്യവസ്ഥ) ആയി 1947 മുതൽ നിലയുറപ്പിച്ചിരുന്ന ഇൻഡ്യയ്ക്ക് അമേരിക്ക ഉൾപ്പെടെയുള്ള വൻശക്തികൾക്ക് മുമ്പിൽ പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. അമേരിക്കയുടെ കീഴിലുള്ള കണ്ഐ ന്റെയും, വേൾഡ് ബാങ്കിന്റെയും സമ്മർദ്ദത്താൽ ഇന്ത്യയും അവരുടെ കാൽക്കീഴിലായി. 67 ടൺ സ്വർണ്ണം പണയംവെച്ച് രാജ്യം നേരിട്ട സാമ്പത്തിക പ്രതിസന്ധിക്ക് 1990 ൽ പരിഹാരം കണ്ടെത്തിയ ചന്ദ്രശേഖറിന്റെ ദുർബല സർക്കാർ നിലവിലെ സാമ്പത്തിക നയങ്ങൾ മാറ്റാമെന്ന് IMFനും, വേൾഡ് ബാങ്കിനും ഉറപ്പ് നൽകി. രാഷ്ട്രീയമായി പറഞ്ഞാൽ ഈ പണയംവെയ്പും, നയമാറ്റ ഉറപ്പും നൽകുമ്പോൾ ചന്ദ്രശേഖർ സർക്കാരിനെ പിന്തുണച്ചിരുന്നവരുടെ കൂടെ കോൺഗ്രസ്സും, CPM ഉം, CPI യും, RSP യും ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം ഉണ്ടായിരുന്നു എന്നതാണ് വാസ്തവം.

ഇതിന് പിന്നാലെ 1991 ൽ അധികാരത്തിൽ വന്ന പി.വി. നരസിംഹറാവു സർക്കാരിന് അന്നത്തെ ആഗോള സാമ്പത്തിക സാഹചര്യത്തിൽ നിലവിലെ സാമ്പത്തിക നയങ്ങളിൽ മാറ്റം വരുത്തുകയല്ലാതെ മറ്റൊരു മാർക്ഷവും മുന്നിലുണ്ടായിരുന്നില്ല. അങ്ങനെ ഇന്ത്യയും പുതിയ ആഗോളനയത്തിലേക്ക് കാലെടുത്തുവച്ചു. ഇതോടെ മാർക്കറ്റ് എക്കണോമിയിലൂടെ കാപ്പിറ്റലിസത്തിന്റെ പിടിയിൽ അമർന്നു ലോകസാമ്പത്തിക വ്യവസായ വാണിജ്യ രംഗം.

2008 ൽ അമേരിക്കയിൽ സംഭവിച്ച ലെഹ്മൻ എന്ന ഒരു സ്വകാര്യബാങ്കിന്റെ തകർച്ച ലോകസാമ്പത്തിക മാന്ദ്യത്തിന് കാരണമായി. ഓഹരികമ്പോളങ്ങൾ ചീട്ട് കൊട്ടാരംപോലെ തകർന്നടിഞ്ഞു. വ്യവസായ വാണിജ്യരംഗം കൊടുംകാറ്റിൽപ്പെട്ട കപ്പലുകൾപോലെ ആടിയുലഞ്ഞു. പലതും അടച്ചുപൂട്ടി മുങ്ങി താഴ്ന്നു. ബാങ്കിംഗ് ധനകാര്യ ഇൻഷ്വുറൻസ് സ്ഥാപനങ്ങൾ എന്ത് ചെയ്യണമെന്നറിയാതെ പകച്ച് നിന്നു. ഒരു വൻ സുനാമിപോലെ ലോകമാകെ ആഞ്ഞടിച്ച സാമ്പത്തിക പ്രതിസന്ധിയിൽ ചില ഭരണകൂടങ്ങൾപോലും നിലംപൊത്തി. കൂട്ടലും, കിഴിക്കലും, പ്രഭാഷണങ്ങളുമായി നടന്നിരുന്ന സാമ്പത്തിക ബുദ്ധിജീവി വിദഗ്ദ്ധർ മൗനത്തിലായി. പ്രതിസന്ധി മറികടക്കാനുള്ള പരിഹാരം നിർദ്ദേശിക്കാൻ ആർക്കും കഴിഞ്ഞില്ല.

എന്നാൽ അന്ന് ഇന്ത്യയെന്ന രാജ്യം പതറാതെ പിടിച്ചുനിന്നു. പൊതുമേഖലയുടെ ശക്തി എല്ലാ അർത്ഥത്തിലും രാജ്യവും ലോകവും തിരിച്ചറിഞ്ഞു. ലോകമാകെയുള്ള സാമ്പത്തിക വിദഗ്ദ്ധർ ഇന്ത്യയിലെ പൊതുമേഖലയുടെ ശക്തിയെക്കുറിച്ച് വാനോളം പുകഴ്ത്തി. അതിന്റെ ആദരവും, ബഹുമാനവും, അഭിനന്ദനങ്ങളും ഇന്ത്യൻ പൊതുമേഖലയുടെ ഉപജ്ഞാതാക്കളായ നെഹ്റുവിനും, ഇന്ദിരാഗാന്ധിക്കും ലഭിച്ചില്ലെങ്കിലും അന്നത്തെ ഭരണാധികാരികൾക്കും, പിന്നാലെ വന്നവർക്കും ആവോളം ലഭിച്ചു.

ഏത് ആഗോള സാമ്പത്തിക പ്രതിസന്ധികളെയും മറികടക്കാൻ കഴിയുമെന്ന് തെളിയിച്ച ഈ പൊതുമേഖലാ സ്ഥാപനങ്ങളെ പൂർണ്ണമായും പൊട്ടവിലയ്ക്ക് വിൽക്കുവാനുള്ള നടപടികളാണ് മോഡി ഭരണകൂടം നടത്തി വരുന്നത്. കണക്കെടുക്കാൻ കഴിയാത്ത സഹസ്രകോടികളുടെ ആസ്തിയാണ് രാജ്യത്തെ 10 മഹാരത്ന കമ്പനികളും, 14 നവരത്ന കമ്പനികളും, 79 മിനിരത്ന കമ്പനികളും ഉൾപ്പെടുന്ന 292 പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ളത്. ഈ മാതൃകാ സ്ഥാപനങ്ങളെയാണ് ഇറച്ചിവിലയ്ക്ക് ചില സാമ്പത്തിക ഭീമൻമാർക്ക് വില്പന നടത്തുവാൻ പോകുന്നത്. ഇതോടൊപ്പം 1969 ജൂലൈ 19 ന് ഇന്ദിരാഗാന്ധി ദേശവൽക്കരിച്ച 14 ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ ബാങ്കുകളും ധനകാര്യ സാമ്പത്തിക സ്ഥാപനങ്ങളും വിൽക്കുന്നു.

ധനകൊള്ളയും, സാമ്പത്തിക ചൂഷണവും നടത്തിവന്ന 245 ഓളം സ്വകാര്യ ഇൻഷ്വുറൻസ് കമ്പനികളെ ദേശവൽക്കരിച്ച് 1956 സെപ്റ്റംബർ 1 ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഘകഇ യ്ക്ക് രൂപം നൽകിയിരുന്നു. 65 വർഷം കൊണ്ട് 38 ലക്ഷം കോടിയുടെ ആസ്തിയും, 114000 ജീവനക്കാരും, 13 ലക്ഷം ഏജന്റ്മാരും, 42 കോടി പോളിസി ഉടമകളും ഉള്ള ഒരു വൻ സാമ്പത്തിക വടവൃക്ഷമായി ഈ സ്ഥാപനം വളർന്നു. എല്ലാ വർഷവും ലാഭം മാത്രം നേടി, ഈ ലാഭത്തിന്റെ 95% ഉം പോളിസി ഉടമകൾക്ക് ബോണസ്സായി നൽകുന്ന ലോകത്തിലെ ഏക ഇൻഷ്വറൻസ് സ്ഥാപനം. ഇതും വിറ്റ് തുലക്കുമെന്ന് ആവേശപൂർവ്വം പ്രഖ്യാപിച്ചിരിക്കുകയാണ് മോഡി ഭരണകൂടം.

1953 ൽ നെഹ്റു ദേശവൽക്കരിച്ച എയർ ഇന്ത്യ പൂർണ്ണമായും വിറ്റുകഴിഞ്ഞു. രാജ്യത്തെ വിമാനത്താവളങ്ങളിൽ പലതും കോർപ്പറേറ്റുകൾക്ക് നൽകി കഴിഞ്ഞു. തുറമുഖങ്ങളുടെ സ്ഥിതിയും ഇതു തന്നെ. ഇന്ത്യയുടെ അഭിമാനവും സാധാരണക്കാരുടെ യാത്രാ സൗകര്യവുമായ ഇന്ത്യൻ റെയിൽവേയും വിൽക്കുവാനുള്ള ശ്രമത്തിലാണ്. ചില ഭാഗങ്ങൾ വിറ്റുക്കഴിഞ്ഞു. റോഡുകളും പാലങ്ങളും പാട്ടത്തിന് നൽകി ടോൾ പിരിവിലൂടെ കോടികൾ സമ്പാദിക്കാൻ കോർപ്പറേറ്റുകൾക്ക് അവസരം നൽകിയിരിക്കുന്നു. എല്ലാ ഗവേഷണ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളും ബഹിരാകാശ ഗവേഷണ സ്ഥാപനവും യുദ്ധോപകരണ നിർമ്മാണശാലകളും വിൽപ്പന നടത്തുവാനുള്ള നടപടികളിലാണ് സർക്കാർ. 1973 ൽ ഇന്ദിരാഗാന്ധി ദേശവൽക്കരിച്ച കൽക്കരി ഖനികളും ഖനനവും ഇന്ന് വൻകിട കോർപ്പറേറ്റുകൾക്കും അവരുടെ മാഫികകൾക്കുമായി വിട്ടു കൊടുത്തിരിക്കുന്നു. മത്സ്യബന്ധന നിയമങ്ങളെല്ലാം റദ്ദ് ചെയ്ത് ആഴക്കടൽ മത്സ്യബന്ധനം ആഗോള ഭീമൻമാർക്ക് വിട്ടുകൊടുത്തിന്റെ പേരിൽ സാധാരണ മത്സ്യ തൊഴിലാളി

കൾ പട്ടിണിയിലായിരിക്കുന്നു. ചുരുക്കത്തിൽ ബ്രിട്ടീഷ് ഭരണകാലത്ത് സാമ്പത്തികമായും ഭരണപരമായും സ്വകാര്യ കോർപ്പറേറ്റുകളുടെ അധിനിവേശമായിരുന്നെങ്കിൽ അതിനെതിരെ നേടിയ സ്വാതന്ത്ര്യം വീണ്ടും പണയം വച്ച് വിദേശ സാമ്പത്തിക അധിനിവേശത്തിന് മോഡി ഭരണകൂടം തയ്യാറെടുത്തിരിക്കുന്നു. ഇത് ജനദ്രോഹപരമാണ്. ഇതിനെതിരെയായിരുന്നു ഈ പണിമുടക്ക്.

സ്വകാര്യ ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കിയ ശേഷം പിന്നിട്ട 30 വർഷങ്ങൾക്കുള്ളിൽ രംഗത്തുവന്ന 44 വിമാനകമ്പനികളിൽ 37 ഉം അടച്ചുപൂട്ടി. 20 മൊബൈൽ സേവന സ്ഥാപനങ്ങളിൽ 16 ഉം വൻനഷ്ടത്തിൽ പ്രവർത്തനം നിർത്തി. 44 ടെലിവിഷൻ ചാനലുകൾ നിശ്ചലമായി. ആർത്തിയോടെ രംഗത്തുവന്ന 100 കണക്കിന് സ്വകാര്യ ബാങ്കുകളും, ഇൻഷ്വറൻസ് ധനകാര്യ സ്ഥാപനങ്ങളുടെയും പേരുകൾ പോലും കേൾക്കാനില്ലാതായി. 19 ലക്ഷം സ്വകാര്യ കമ്പനികളിൽ 7 ലക്ഷവും അടച്ചുപൂട്ടിയെന്ന് മന്ത്രി തന്നെ പാർലമെന്റിൽ പ്രസ്താവിച്ചു കഴിഞ്ഞു. സൗജന്യമായി ലഭിച്ചിരുന്ന ബാങ്കിംഗ് സേവനങ്ങൾക്ക് ഓരോന്നിനും പണം നൽകേണ്ട സ്ഥിതിയിലെത്തി. ചരിത്രത്തിൽ ആദ്യമായി റിസർവ് ബാങ്കിലെ കരുതൽ ശേഖരത്തിൽ നിന്ന് രണ്ടു ലക്ഷം കോടി പണം ഖജനാവിലേയ്ക്ക് മാറ്റേണ്ടി വന്നു. ഇത്തരത്തിൽ സാമ്പത്തിക രംഗത്തെ തകർച്ച ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടായിരുന്നു ഈ പണിമുടക്ക്.

പാവപ്പെട്ടവർ വീട് വയ്ക്കാനും, കുട്ടികളെ പഠിപ്പിക്കാനും ചെറിയൊരു തുക വായ്പ എടുത്താൽ ജപ്തി ഭീഷണിയും ആയി ആത്മഹത്യയിലേക്ക് നയിക്കപ്പെടുന്നു. എന്നാൽ പതിനായിരക്കണക്കിന് കോടി വായ്പാ തട്ടിപ്പ് നടത്തി രാജ്യം വിട്ട കോടീശ്വരൻമാർ ഏറെയാണ്. ഇതോടൊപ്പം രാജ്യത്തിന്റെ 73% സമ്പത്തും 1% വരുന്ന സമ്പന്നരുടെ കൈകളിലായിരിക്കുന്നു എന്നതും നഗ്നസത്യമായി തുടരുമ്പോൾ ഇന്ത്യ ഏറ്റവും കൂടുതൽ പട്ടിണിക്കാരുള്ളവരുടെ പട്ടികയിൽ 104-ാമതായി ഇടം പിടിച്ചിരിക്കുന്നു. ഇതും ആഗോളവൽക്കരണത്തിന്റെ ബാക്കി പത്രം എന്ന് പറയാതെ തരമില്ല. എന്നാൽ ഇതേ രാജ്യത്തെ കോടീശ്വരൻമാരായ മുകേഷ് അംബാനിയും അദാനിയും ലോക കോടീശ്വര പട്ടികയിൽ 4 ഉം 5 ഉം ആയി ഉയർത്തപ്പെട്ടിരിക്കുന്നു. ഈ സാമ്പത്തിക അസമത്വത്തിനെതിരെയായിരുന്നു ഈ പണിമുടക്ക്.

ആഗോള സ്വകാര്യവൽക്കരണത്തിന്റെ ദൂഷ്യഫലങ്ങൾ ബോധ്യപ്പെട്ടിട്ടും തിരുത്താൻ സർക്കാർ തയ്യാറാകുന്നില്ല. മറിച്ച് കോർപ്പറേറ്റുകൾക്ക് സ്വന്തമായി ബാങ്കുകൾ തുടങ്ങാൻ അനുമതി നൽകാനുള്ള തയ്യാറെടുപ്പിലാണ് ഭരണകൂടം. ഇതിന്റെ വാർത്തകൾ വന്നു കഴിഞ്ഞു. ഇങ്ങനെയായാൽ സമ്പന്നന്മാർക്ക് ജനങ്ങളിൽ നിന്ന് ഓഹരി സമാഹരണം നടത്തി കമ്പനികൾ ആരംഭിക്കാം. ഇതേ കമ്പനികളുടെ പേരിൽ തുടങ്ങുന്ന ബാങ്കുകൾക്ക് ജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാം. ഇതുവഴി സ്വന്തം കമ്പനിയിലേയ്ക്ക് വായ്പ എന്ന നിലയിൽ പണം മറിക്കാം. അവസാനം കമ്പനിയും പൂട്ടി. ബാങ്കിനെയും പൊളിച്ച് അന്യരാജ്യങ്ങളിലേയ്ക്ക് രക്ഷ നേടാം. ധനകൊള്ളയ്ക്കുള്ള ഇത്തരം കുറുക്കു വഴികൾ കോർപ്പറേറ്റുകൾക്ക് ചെയ്തു കൊടുക്കുകയാണ് സർക്കാർ ഇന്ന് ചെയ്യുന്നത്. ഈ പകൽകൊള്ളയ്ക്ക് എതിരെയായിരുന്നു ഈ പണിമുടക്ക്.

1991 ൽ ഒരുലിറ്റർ പെട്രോൾ വില 15 രൂപയായിരുന്നത് പുത്തൻ ഭരണക്കാരുടെ നികുതി കൊള്ളയടിമൂലം 105 രൂപയായി ഉയർന്നു. ഡീസലിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. പാചക വാതക വില 8 ഇരട്ടിയായി വർദ്ധിച്ചു. സബ്സിഡികൾ ഒന്നും നൽകേണ്ടതില്ല എന്നതാണ് പുതിയ ആലോചന. റേഷൻ സമ്പ്രദായം പ്രാകൃതമാണെന്നും,എല്ലാവരും പുത്തൻമാൾ സംസ്കാരത്തിലേക്ക് കടക്കണമെന്നും ആധുനിക രാജ്യശില്പികൾ ആവശ്യപ്പെടുന്നു. ദാരിദ്ര നിർമ്മാജനത്തിനായി 2005 ൽ നടപ്പിലാക്കിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അനാവശ്യമാണെന്നും, അപ്രായോഗികമാണെന്നും, പരിഹസിച്ച് ബഡ്ജറ്റിൽ 25000 കോടി വെട്ടിക്കുറച്ചിരിക്കുന്നു. 31 കോടി തൊഴിലാളികൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഈ പദ്ധതിയോടാണ് ഈ ക്രൂരത ഭരണകൂടം കാട്ടിയിരിക്കുന്നത്. പാവപ്പെട്ടവരുടെ ഈ വിഷയം മുൻനിർത്തിയായിരുന്നു ഈ പണിമുടക്ക്.





Best Wishes
ideal
home appliances

Best Wishes
CONFIDENT GROUP
www.confident-group.com

Best Wishes
SHANOOR
lifestyle villas & apartments
Trust the best.

# പോരാട്ടവഴിയിൽ എഴുത്തിന്റെ കരുത്തും കാരാഗൃഹവാസവും...



അജിത് വെണ്ണിയൂർ

മഹാത്മാഗാന്ധി ഇന്ത്യയിൽ ആദ്യമായി തുറുങ്കിലടയ്ക്കപ്പെട്ടത് യങ് ഇന്ത്യയിൽ അദ്ദേഹം എഴുതിയ ലേഖനങ്ങളുടെ പേരിലാണ്. 1922 മാർച്ച് 10 ന് ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലും ഗാന്ധിജിയുടെ ജീവിതത്തിലും വഴിത്തിരിവായ ആ സംഭവത്തിന് നൂറു കൊല്ലം തികയുകയാണ്.

1922 ഫെബ്രുവരി – മാർച്ച് ചൗരിചൗരാ സംഭവങ്ങൾ നടന്നതിനുശേഷമുള്ള കാലം. ജനക്കൂട്ടത്തിന്റെ അക്രമപ്രവൃത്തികൾ നിയന്ത്രിക്കാനാകാത്തതുകാരണം ബർദോളി സത്യാഗ്രഹം നിർത്തിവയ്ക്കാൻ ഗാന്ധി തീരുമാനിച്ചു. ഇതേച്ചൊല്ലി കോൺഗ്രസ്സിനുള്ളിൽ അഭിപ്രായഭിന്നത രൂപം കൊണ്ടു.

ഗാന്ധി തന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ടും അതേസമയം ഗവൺമെന്റിനെതിരെ ശക്തമായി ആഞ്ഞടിച്ചുകൊണ്ടും യങ്ഇന്ത്യയിൽ പത്രാധിപകുറിപ്പുകളും ലേഖനങ്ങളും എഴുതി. കോൺഗ്രസ്സിനുള്ളിലെ അഭിപ്രായവ്യത്യാസങ്ങൾ കൂടി മുതലെടുത്ത് ഗാന്ധിയെ അറസ്റ്റുചെയ്യാൻ തക്കം പാർത്തിരിക്കുകയായിരുന്നു സർക്കാർ.

മാർച്ച് 10-യങ് ഇന്ത്യയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജോലികൾക്കിടയിൽ അറസ്റ്റുവാറണ്ടുമായി പോലീസ് സൂപ്രണ്ടും മറ്റു ചില ഉദ്യോഗസ്ഥന്മാരുമെത്തി. അതിനകം യങ് ഇന്ത്യയുടെ പ്രസാധകരിലൊരാളായ ശങ്കർലാൽ ബാങ്കറെ അവർ അറസ്റ്റുചെയ്തു കഴിഞ്ഞിരുന്നു.

മാർച്ച് 11 ന് മജിസ്ട്രേട്ടിന്റെ മുമ്പാകെ പ്രഥമ വിചാരണനടത്തി. 18 ന് അഹമ്മദാബാദിൽ ജില്ലാകോടതിയിൽ വിചാരണ. കനത്തസുരക്ഷാസന്നാഹത്തോടെ നടന്ന വിചാരണയിൽ കുറ്റപത്രം വായിച്ചു. യങ്ഇന്ത്യയിൽ ഗാന്ധി എഴുതിയ മൂന്നു ലേഖനങ്ങൾ രാജ്യദ്രോഹകരമാണെന്ന് സർക്കാർവക്കീൽ വാദിച്ചു. ഇന്ത്യൻ ശിക്ഷാനിയമം 124 എ. വകുപ്പ് പ്രകാരമുള്ള കുറ്റങ്ങൾ അഡ്വക്കേറ്റ് ജനറൽ വിശദീകരിച്ചു. കുറ്റം സമ്മതിക്കുന്നുണ്ടോ ഇല്ലയോ എന്നു ചോദിച്ചു.

## പരമാവധി വലിയ ശിക്ഷ തരിക

ആലോചിച്ചുറച്ചതായിരുന്നു ഗാന്ധിയുടെ മറുപടി. കുറ്റം സമ്മതിക്കുന്നു എന്ന് അദ്ദേഹം പ്രസ്താവിച്ചു. ബാങ്കറും കുറ്റം സമ്മതിച്ചു. കുറ്റാരോപണം സംബന്ധിച്ച് എന്തെങ്കിലും മറുപടി പറയാനുണ്ടോ എന്ന് ജഡ്ജി ആരാഞ്ഞു.

ഗാന്ധി ഇങ്ങനെ പറഞ്ഞു: അഡ്വക്കേറ്റ് ജനറൽ പറഞ്ഞതെല്ലാം ശരിയാണ്. ഒരു അതിശയോക്തിയുമില്ല. ഇന്നത്തെ ഗവൺമെന്റിന്റെ നടപടികളിന്മേലുള്ള അതൃപ്തി ജനങ്ങളിൽ വളർത്തിയെടുക്കാനാണ് ഞാൻ ശ്രമിക്കുന്നത്. തീകൊണ്ടു കളിക്കുകയാണ് എന്ന് എനിക്ക് അറിയാമായിരുന്നു. എങ്കിലും അത്തരമൊരു സാഹസത്തിന് ഞാൻ തയ്യാറായി. എന്നെ ഇവിടെ നിന്ന് മോചിപ്പിച്ചാൽ ഇനിയും ഞാൻ അതുതന്നെ ചെയ്യും.

അദ്ദേഹം തുടർന്നു: അക്രമങ്ങൾ ഒഴിവാക്കണം എന്ന ആഗ്രഹം എനിക്കുണ്ട്. അക്രമരാഹിത്യമാണ് എന്റെ വിശ്വാസപ്രമാണം. എന്നാൽ എന്റെ കടമയെക്കുറിച്ച് എനിക്ക് ഒരു തീരുമാനമെടുക്കേണ്ടിയിരിക്കുന്നു. ഒന്നുകിൽ എന്റെ രാജ്യത്തിന് തീരാത്ത നാശം വരുത്തിവച്ച ഭരണകൂടത്തെ സഹിക്കാൻ തയ്യാറാകുക. അല്ലെങ്കിൽ എന്റെ ആഹ്വാനം കേട്ട് ആവേശം കൊള്ളുന്ന ജനങ്ങളുടെ കോപാഗ്നി ആളിക്കത്തുന്നതു കാണാൻ ഒരുങ്ങുക. ചിത്തഭ്രമം വന്നവരെപ്പോലെയാണ് ചിലർ പെരുമാറിയത്. അതിൽ ഞാൻ ദു:ഖിക്കുന്നു. അതുകൊണ്ട് ശിക്ഷ ലഘൂകരിച്ചു കിട്ടാൻ ഞാൻ നിങ്ങളോട് യാചിക്കുന്നില്ല. പകരം എന്റെ പേരിൽ നിങ്ങൾ ചുമത്തിയ കുറ്റങ്ങൾക്ക് നിയമാനുസൃതം നല്കാവുന്ന പരമാവധി വലിയ ശിക്ഷ തരിക.

ഗാന്ധി കൂട്ടിച്ചേർത്തു: ഇന്ത്യൻ ശിക്ഷാനിയമം 124-ാം വകുപ്പ് പ്രകാരമുള്ള കുറ്റമാണല്ലോ എന്റെ പേരിൽ ചുമത്തിയിരിക്കുന്നത്. പൗരസ്വാതന്ത്ര്യം നിഷേധിക്കുക എന്ന ലക്ഷ്യത്തോടെ ഉണ്ടാക്കിയതാണ് ഈ വകുപ്പ്. എന്റെയും ബാങ്കറുടെയും പേരിൽ ഇപ്പോൾ ചുമത്തിയിരിക്കുന്ന കുറ്റം ഞങ്ങൾ സർക്കാരിനെതിരെ അപ്രീതിയുണ്ടാക്കുന്ന കാര്യങ്ങൾ ചെയ്തു എന്നതാണല്ലോ. ജനങ്ങൾ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന അനേകം ദേശസ്നേഹികളെ ഈ കുറ്റത്തിന് നിങ്ങൾ തുറുങ്കിലടച്ചിട്ടുണ്ടെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ട് എന്റെ പേരിൽ ഈ രാജ്യദ്രോഹ കുറ്റം ചുമത്തിയതിൽ എനിക്ക് അഭിമാനമേയുള്ളൂ.


അഭിമാനത്തോടെ അദ്ദേഹം ആവർത്തിച്ചു: ഏതെങ്കിലും ഉദ്യോഗസ്ഥനോടോ ഭരണകർത്താക്കളോടോ എനിക്ക് അശേഷം വെറുപ്പില്ല. എന്നാൽ ഈ സർക്കാരിന്റെ ദുർപ്രവൃത്തികൾക്കുനേരെ ജനരോഷം ഉണർത്തേണ്ടത് എന്റെ ധർമ്മമാണെ

ന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. അതുകൊണ്ടു തന്നെ എന്റെമേൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങൾക്കുകാരണമായ ലേഖനങ്ങൾ എഴുതിയത് ഞാനാണെന്നതിൽ തീർച്ചയായും അഭിമാനിക്കുന്നു. ഭാരതത്തിന്റെ പൗരുഷം നശിപ്പിക്കുന്നതിന് കാരണമായ ഈ ഭരണകൂടത്തോട് കുറുപുലർത്തുന്നത് വലിയൊരു പാപം തന്നെയാണെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുകയും ചെയ്യുന്നു.

## വിഷണ്ണഭാവത്തോടെ ജഡ്ജി

ഗാന്ധിയുടെ 20 മിനിട്ട് നീണ്ട പ്രസ്താവനത്തിനൊടുവിൽ വിഷണ്ണഭാവത്തോടെ ജഡ്ജി വിധി പറഞ്ഞു.

മിസ്റ്റർ ഗാന്ധി, താങ്കളുടെ കുറ്റസമ്മതം എന്റെ ജോലി വളരെ എളുപ്പമാക്കിയിരിക്കുന്നു. എന്നാൽ ഇത്തരമൊരു കേസിൽ വിധിപറയേണ്ടിവരുന്ന ഒരു ജഡ്ജിയുടെ വിഷമം നിങ്ങൾക്ക് മനസ്സിലാകും. നിയമത്തിന്റെ മുന്നിൽ എല്ലാവരും സമന്മാരാണ്. അതേസമയം ഇത്തരം കേസിൽ ഇതുവരെ ഞാൻ വിചാരണചെയ്തവരിൽ നിന്നും ഇനി വിചാരണചെയ്യാനിരി



ക്കുന്നവരിൽനിന്നും വിഭിന്നമാണ് താങ്കളുടെ സ്ഥിതിയെന്ന് എനിക്ക് ബോധ്യമുണ്ട്. താങ്കളെ വലിയൊരു നേതാവായും ദേശസ്നേഹിയായും കോടിക്കണക്കിനാളുകൾ ആദരിക്കുന്നു. രാഷ്ട്രീയ നിലപാടിൽ താങ്കളോട് യോജിക്കാത്തവർപോലും ആദർശനിഷ്ഠനും സന്യാസിതുല്യനുമായ ഒരു മഹാനായി താങ്കളെ അംഗീകരിക്കുന്നു. പക്ഷേ നിയമം ലംഘിച്ച ഒരു പൗരനായിമാത്രമേ നിങ്ങളെ എനിക്ക് ഇപ്പോൾ കണക്കാക്കാനാവൂ...ശിക്ഷ വിധിക്കുന്നതിൽ രണ്ടു കാര്യങ്ങളാണ് എന്റെ മുന്നിലുള്ളത് – ഒന്ന്: നിങ്ങളുടെ നില. രണ്ട്: രാജ്യത്തിന്റെ താല്പര്യം. തത്തുല്യമായകേസിൽ ബാലംഗാധര തിലകിന് നല്കിയ ശിക്ഷ താങ്കൾക്കും നല്കാൻ ഉദ്ദേശിക്കുന്നു. ആറുകൊല്ലത്തെ തടവ്. തിലകനേയും താങ്കളെയും ഒരേ നിലയിൽ കാണാൻ പാടില്ലല്ലോ. അതുകൊണ്ട് നിങ്ങളുടേത് വെറും തടവായി പരിമിതപ്പെടുത്തുന്നു. ക്രമസമാധാന നില മെച്ചപ്പെടുകയാണെങ്കിൽ ശിക്ഷ ഇളവു ചെയ്ത് താങ്കളെ മോചിപ്പിക്കാൻ സർക്കാർ തീരുമാനിക്കുന്ന പക്ഷം അതിൽ ഏറ്റവുമധികം സന്തോഷിക്കുന്നയാൾ ഞാനായിരിക്കും.

ശിക്ഷ സസന്തോഷം സ്വീകരിച്ച ഗാന്ധി പറഞ്ഞു: ലോക്മാന്യ ബാലഗംഗാധര തിലകന്റെ കേസുമായി എന്റെ കുറ്റം തുലനംചെയ്തത് ഒരു ബഹുമതിയായി ഞാൻ കരുതുന്നു. ഏറ്റവും ലഘുവായ ശിക്ഷ വിധിച്ചതിനും ഞാൻ താങ്കളോട് കടപ്പെട്ടിരിക്കുന്നു.

## ശങ്കർലാൽ ബാങ്കർക്ക് വെറും തടവും ആയിരം രൂപയുമായിരുന്നു ശിക്ഷ.

ഒന്നരമണിക്കൂർ നീണ്ട വിചാരണയും വിധിപറയലും ഗാന്ധിയുടെ വിശദീകരണവും ഉടനീളം ശ്രദ്ധിച്ചു നിന്ന സരോജിനി നായിഡു അടുത്തലക്കം യങ് ഇന്ത്യയിൽ എഴുതി:

എന്റെ ഗുരുവിന്റെ നാവിൽ നിന്നുതിർന്ന ഓരോ വാക്കും ഞാൻ വളരെ ശ്രദ്ധാപൂർവ്വം കേട്ടു. മറ്റൊരു യുഗത്തിൽ വേറൊരിടത്തു സംഭവിച്ചതുപോലുള്ള രംഗങ്ങളായിരുന്നു എന്റെ മനസ്സിൽ മിന്നിമറഞ്ഞത്. ദിവ്യനും സ്നേഹസ്വരൂപനുമായ ഒരു ശാന്തിദൂതൻ കുരിശിലേറ്റപ്പെട്ട രംഗം

## മലയാളിപത്രാധിപർ



നിസ്സഹകരണ പ്രസ്ഥാനത്തിന്റെ മൂർധന്യത്തിൽ 1922 മാർച്ച് 22ന് ഗാന്ധി തടവറയിലായതോടെ യങ് ഇന്ത്യയുടെയും നവജീവന്റെയും പത്രാധിപത്യം മൂന്നുപേർക്കായി. അതിൽ ഒരു മലയാളിയുമുണ്ടായിരുന്നു. ഗാന്ധിയുടെ ഉറ്റസഹചാരിയായിരുന്ന ജോർജ്ജ് ജോസഫ്. മറ്റുരണ്ടുപേർ സി. രാജഗോപാലാചാരി, ഷുയെബ് ഖുറേഷി എന്നിവരാണ്.

അക്കാലത്ത് ഈ പത്രങ്ങളുടെ പ്രചാരത്തിൽ നേരിയ കുറവുണ്ടായി. എന്നാൽ ജയിലിൽനിന്നുള്ള വിശേഷങ്ങളും സമരമുഖത്തെ വാർത്തകളും കൊണ്ട് ശ്രദ്ധേയമായിരുന്നു അവയുടെ ഓരോലക്കവും.

തടവറയിൽ വച്ച് രോഗബാധിതനായ ഗാന്ധിയെ 1924-ൽ പൂനയിലെ സസ്സൂൺ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ജയിലിൽ നിന്നും ആശുപത്രിയിൽ നിന്നും ഗാന്ധിയെകുറിച്ചുള്ള വാർത്തകളും അദ്ദേഹത്തിന്റെ വിചാരവികാരങ്ങളും സെക്രട്ടറി മഹാദേവ് ദേശായ് അപ്പപ്പോൾ യങ് ഇന്ത്യയിലേയ്ക്ക് അയച്ചു കൊടുത്തുകൊണ്ടിരുന്നു.

## ജയിലിൽനിന്നുള്ള കുറിപ്പ്

1924 ജനുവരി 29-ലെ യങ്ഇന്ത്യയിൽ പ്രസിദ്ധീകരിച്ച, മഹാദേവ് ദേശായിയുടെ കുറിപ്പ് അതിനൊരു നിദർശനമാണ്. അതിൽ ഇങ്ങനെ പറയുന്നു:



മറക്കാൻ കഴിയാത്ത ദിവസങ്ങളാണിവ. നാടിനുവേണ്ടി നമ്മുടെ പ്രിയനേതാവ് എങ്ങനെയാണ് പ്രവർത്തിച്ചു വന്നത് എന്നു നാം കണ്ടു. കളിമണ്ണിൽ നിന്ന് വീരന്മാരെ വാർത്തെടുക്കുന്നതെങ്ങനെയെന്നും നാം കണ്മുന്നിൽകണ്ടു. ഇവിടെ രോഗശയ്യയിൽ കിടക്കുമ്പോഴും അദ്ദേഹം അതു ചെയ്തുകൊണ്ടിരിക്കുന്നു. ജനങ്ങളെ കർമോന്മുഖരാക്കാനുള്ള അദ്ദേഹത്തിന്റെ അസാധാരണ സിദ്ധിക്ക് അല്പംപോലും കുറവുണ്ടായിട്ടില്ല. അത് നേരിട്ടറിയാനുള്ള അവസരം കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ നമുക്കുണ്ടായി.

പത്തുദിവസം ഞാൻ അദ്ദേഹത്തിനൊപ്പം ഉണ്ടായിരുന്നു. എന്നാൽ അടുത്തിരുന്ന് ശുശ്രൂഷിക്കാൻ കഴിഞ്ഞില്ല. അതിനുള്ള ഭാഗ്യം കിട്ടിയത് ആശുപത്രിയിലെ നഴ്സുമാർക്കായിരുന്നു. കൂട്ടത്തിൽ പരിചയസമ്പന്നയായ ഒരു ബ്രിട്ടീഷുകാരിക്കായിരുന്നു മുഖ്യചുമതല. അതീവ സ്നേഹാദരങ്ങളോടെയാണ് ആ





**STOCKIST**
**ATL PHARMA : 99466 61737**
**MEDI DRUGS : 94003 90052**

**Free Doctor Consultation**
**Helpline - 7736894942**

നഴ്സ് ഗാന്ധിയെ പരിചരിക്കുന്നത്. അവർ അടുത്തെത്തുമ്പോൾ ഗാന്ധി ഹൃദ്യമായ പുഞ്ചിരിയോടെ അവരെ സ്വാഗതം ചെയ്യും.

തന്റെ സ്വന്തം അനുഭവങ്ങളും പ്രശ്നങ്ങളും അവർ ഗാന്ധിയോട് തുറന്നുപറയും. ഒരിക്കൽ തന്റെ നായയെക്കുറിച്ചായിരുന്നു സംഭാഷണം. മറ്റൊരിക്കൽ ആഫ്രിക്കയിലും ഇംഗ്ലണ്ടിലും തനിക്കുണ്ടായ പല അനുഭവങ്ങളും അവർ വിവരിച്ചു. രോഗികളുടെ പ്രീതി സമ്പാദിക്കാനല്ല, അവരെ പരിചരിക്കാനാണ് ഒരു നഴ്സ് ശ്രമിക്കേണ്ടതെന്ന് തന്നെ ഉപദേശിച്ചിട്ടുണ്ടെന്നും ഇടയ്ക്ക് അവർ തമാശയായി കൂട്ടിച്ചേർത്തു. ചെറുപ്പക്കാരിയായ മറ്റൊരു നഴ്സും ഗാന്ധിയെ പരിചരിക്കാനായി ഇവിടെയുണ്ട്. അദ്ദേഹത്തെ ശുശ്രൂഷിക്കാൻ കഴിയുകയെന്നത് വലിയൊരു ഭാഗ്യം തന്നെ എന്ന് അവർ കാണുന്നവരോടൊക്കെ പറയുന്നു. രോഗികളെ ശുശ്രൂഷിക്കുന്നത് എപ്പോഴും സന്തോഷകരമായ കാര്യമല്ല. അത് പലപ്പോഴും ഒരു ഭാരമാണ് എന്ന് അവർ ഇടയ്ക്ക് കൂട്ടിച്ചേർക്കുകയും ചെയ്യും.

ഒരു തടവുകാരനെയാണ് തങ്ങൾ ശുശ്രൂഷിക്കുന്നതെന്ന തോന്നൽ ഡോക്ടർമാർക്കോ നഴ്സുമാർക്കോ ഉള്ളതായി കാണാൻ കഴിഞ്ഞില്ല. അത്രയേറെ ആദരവോടും സ്നേഹത്തോടുമാണ് അവർ അദ്ദേഹത്തോട് പെരുമാറുന്നത്. ഗാന്ധിയെ നേരിൽക്കണ്ട് രോഗസ്ഥിതി അന്വേഷിക്കാനായി ജയിൽ സൂപ്രണ്ടും ആശുപത്രിയിൽ വന്നിരുന്നു. ഗാന്ധിയുടെ ആ മന്ദസ്മിതം ആരെയാണ് വശീകരിക്കാതിരിക്കുക!

ക്ഷീണിതനാണെങ്കിലും ഗാന്ധി വളരെ വേഗം സുഖം പ്രാപിച്ചുവരുന്നുണ്ട്. കൈയിന്റെ വിറയൽ ഇപ്പോഴുമുണ്ട്. എങ്കിലും അതു ഭേദമായിവരുന്നു. കട്ടിലിനുമീതെ തൂക്കിയിട്ടിരിക്കുന്ന ഒരു ചങ്ങലയുടെ സഹായത്താലാണ് എഴുന്നേല്ക്കുന്നത്. പച്ച മുന്തിരിയും മധുരനാരങ്ങയുമാണ് പ്രധാന ഭക്ഷണം. നല്ല ഉറക്കം കിട്ടുന്നുണ്ട്. ഉൽക്കണ്ഠയ്ക്ക് കാര്യമില്ല. ആരോഗ്യം പൂർണ്ണമായി വീണ്ടെടുക്കുന്നതിന് കുറച്ചുനാൾ കൂടി വേണ്ടിവന്നേക്കാം.

ദേവദാസ് കൂടെയുണ്ടെങ്കിലും അടുത്തിരുന്ന് ശുശ്രൂഷിക്കുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനും കിട്ടുന്നില്ല. പല ഭാഗത്തു നിന്നും തുടരെത്തുടരെ വന്നു കൊണ്ടിരിക്കുന്ന അന്വേഷണങ്ങൾക്ക് മറുപടി അയയ്ക്കുന്ന തിരക്കിലാണ് അദ്ദേഹം.

ഇവിടെ പതിവായിരുന്ന എണ്ണമറ്റ സന്ദർശകരിൽ ബ്രിട്ടീഷ് പട്ടാളത്തിലെ ഒരു റിട്ടയഡ് ഉദ്യോഗസ്ഥനും ഉൾപ്പെടുന്നു. നിശ്ശബ്ദനായി അദ്ദേഹം മുറിയിൽ കടന്ന് ഗാന്ധിയുടെ കിടക്കയ്ക്കരികിൽ പുഷ്പങ്ങൾ വെച്ച് തിരികെപ്പോകും. ഒരു ദിവസം പുഞ്ചിരിയോടെ അയാളെ ഗാന്ധി സ്വീകരിച്ചിരുത്തി. ആ വെള്ളക്കാരൻ പറഞ്ഞു: എന്നെ നിങ്ങളുടെ സഹോദരനായി കരുതുക. നിങ്ങൾക്ക് എന്തെങ്കിലും സഹായം ആവശ്യമുണ്ടോ? അതുകേട്ട് ഗാന്ധിചിരിച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങളെപ്പോലെ അടുത്ത സഹോദരൻമാരായി ഞാൻ കരുതുന്ന എത്രയോ ബ്രിട്ടീഷുകാർ എനിക്കുണ്ട്! ഇതുകേട്ട് അയാൾ വികാരഭരിതനായി. എന്നെപ്പോലെ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന, നിങ്ങൾക്കറിയാത്ത ബ്രിട്ടീഷുകാരും ഒട്ടേറെയുണ്ട്. അവരിൽ പട്ടാളക്കാരുമുണ്ട്. നിങ്ങൾക്ക് ദീർഘായുസ്സുനേരട്ടെ. അയാൾ പറഞ്ഞു.

ഇതുപോലെ വികാരതരളിതവും ആവേശജനകവും വിവരദായകവുമായിരുന്നു അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന ഓരോകുറിപ്പും. അവ ഓരോന്നും ദേശീയപ്രസ്ഥാനത്തിന്റെ ചരിത്ര രേഖകളും ഗാന്ധി ജീവിതകഥയുടെ ഏടുകളുമായി പരിണമിച്ചത് അതുകൊണ്ടാണ്.

---



**ശ്രീമതി കെ. സുജാതയക്ക് തൊഴിലാളി ശ്രേഷ്ഠാ അവാർഡ്**

കേരള സർക്കാരിന്റെ ഈ വർഷത്തെ തൊഴിലാളി ശ്രേഷ്ഠാ അവാർഡിന് ആൾ കേരള തയ്യൽ തൊഴിലാളി യൂണിയൻ (ഐ.എൻ.റ്റി.യു.സി) നേതാവും, ഐ.എൻ.റ്റി.യു.സി. കോഴിക്കോട് ജില്ലാ വൈസ്പ്രസിഡന്റുമായ ശ്രീമതി. കെ. സുജാതയെ തിരഞ്ഞെടുത്തു. പ്രശസ്തി പത്രവും ഒരു ലക്ഷം രൂപയുമാണ് അവാർഡ്.

മാർച്ച് 25 ന് എറണാകുളത്ത് നടന്ന ഔദ്യോഗിക ചടങ്ങിൽ ബഹു. തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി അവാർഡ് സമ്മാനിച്ചു.

സത്യസന്ധവും ആത്മാർത്ഥവുമായ പ്രവർത്തനങ്ങളിലൂടെ തൊഴിലാളി ശ്രേഷ്ഠ അവാർഡിന് അർഹയാകുകയും ആദരിക്കപ്പെടുകയും ചെയ്ത ശ്രീമതി. കെ. സുജാതയെ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരൻ അഭിനന്ദിച്ചു.

ഭർത്താവ് : ശ്രീ. കെ.പി. ശിവരാമൻ,
(റിട്ടയേർഡ് സൈനിക ഹവീൽദാർ)
മകൻ : കെ.പി. സരിൻ കുമാർ നായർ
(സൈനീക സേവനം)
മകൾ : കെ.പി. ഹെന നായർ
(സോഫ്റ്റ്വെയർ എഞ്ചിനീയർ)



### ചമ്പാരൻ നീലം തൊഴിലാളികളുടെ പൊതുസ്ഥിതി

# ചമ്പാരൻ പ്രക്ഷോഭം– 105 വർഷം പിന്നിടുമ്പോൾ



**വി.ജെ. ജോസഫ്**
കേന്ദ്ര വർക്കിംഗ് കമ്മിറ്റി മെമ്പർ

2022 ഏപ്രിൽ 18 ന് 105 വർഷം പിന്നിടുന്ന ചമ്പാരൻ പ്രക്ഷോഭം നിശ്ചയദാർഢ്യ ത്തിന്റെയും, ഇന്ത്യൻ തൊഴിലാളി മോചനത്തിന്റെയും ഇതിഹാസ സമരചരിത്രമാണ്. ആദ്യ ഇന്ത്യൻ ദേശീയ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് പാതയൊരുക്കിയ പോരാട്ടമായിരുന്നു ചമ്പാരൻ പ്രക്ഷോഭം. 450 വർഷത്തെ വൈദേശീക ഭരണത്തിനെതിരെയുള്ള ഇന്ത്യൻ സ്വാതന്ത്ര്യസമരം മഹാത്മഗാന്ധി നയിച്ച ചമ്പാരനിലെ കർഷക തൊഴിലാളി പ്രക്ഷോഭത്തിൽ നിന്നും ആരംഭിക്കുന്നു.

നീലത്തിന്റെ ഉൽപാദനവും അതിന്റെ കയറ്റുമതിയുമായി ബന്ധപ്പെട്ടാണ് ഈ പ്രക്ഷോഭം ആരംഭിക്കുന്നത്. ഇംഗ്ലണ്ടിലെ തുണിമില്ലുകളിൽ ഉൽപാദിപ്പിക്കുന്ന തുണി കൾക്ക് വെള്ളനിറം ലഭിക്കാൻ നീലം അനിവാര്യമായിരുന്നു. നീലം കൃഷിയ്ക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമായിരുന്നു ബീഹാറിലെ ചമ്പാരൻ ജില്ല. ഗുണമേന്മയിൽ ഉന്നത നിലവാരം പുലർത്തിയിരുന്ന ഇവിടുത്തെ നീലം വ്യാപകമായി കയറ്റുമതി ചെയ്തിരുന്നു.

വിശ്രമരഹിത ജോലി – തുച്ഛമായ കൂലി – മൃഗീയപീഢനം, ബ്രിട്ടീഷ് മുതലാളി മാരുടെയും, ജന്മിമാരുടെയും, ഇടനിലക്കാരുടെയും സമീപനം ഇതായിരുന്നു. ഭരണകൂടത്തിന്റെ ഭാഗമായ ഉദ്യോഗസ്ഥ മേലാളന്മാരും ഇവരോടൊപ്പം നിന്നു. വിശപ്പടക്കാനുള്ള ഭക്ഷ്യധാന്യങ്ങൾ പോലും കൃഷി ചെയ്യാൻ ഭൂമി പാട്ടത്തിനെടുത്തവരെ അനുവദിച്ചിരുന്നില്ല. ഏതു സമയത്തും നീലം തന്നെ കൃഷി ചെയ്യണമെന്ന ശാഠ്യം ഉണ്ടായി. പാട്ടതുകയും, ഭൂകരവും യാതൊരുമാനദണ്ഡങ്ങളും ഇല്ലാതെ വർദ്ധിപ്പി ക്കുകയും ഈടാക്കാക്കുകയും ചെയ്തു വന്നു. ചുരുക്കത്തിൽ മനുഷ്യജീവിതം അടിമ കൾക്ക് തുല്യമായി മാറിയിരുന്നു.

പൊറുതിമുട്ടിയ തൊഴിലാളികളും, പാട്ടക്കാരും 1914 ലും തൊട്ടടുത്ത വർഷവും സ്വയം സംഘടിതരായി ചില പ്രക്ഷോഭങ്ങൾ നടത്തിയെങ്കിലും വിദേശഭരണക്കൂടവും, ജന്മിമാരും, അവരുടെ ഗുണ്ടകളും ചേർന്ന് അതിനെയെല്ലാം അടിച്ചമർത്തി.

ഗാന്ധിജി രംഗത്ത് വന്നു.

1915 ജനുവരി 9 ന് ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി 1916 ഡിസംബർ 26 ന് ഉത്തർ പ്രദേശിലെ ലക്നൗവിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ ഒരു പ്രതിനിധിയായി പങ്കെടുത്തിരുന്നു. മറ്റെല്ലാ വിഷയങ്ങളിലും എന്ന പോലെ ചമ്പാരൻ വിഷയവും സമ്മേളനം ചർച്ച ചെയ്തു. കമ്മീഷനെ നിയമിക്കണമെന്ന പതിവ് പ്രമേയവും കോൺഗ്രസ്സ് പാസ്സാക്കി. എന്നാൽ ചമ്പാരനിൽ നിന്നുള്ള കോൺഗ്രസ്സ് അംഗം രാജ്കുമാർ ശുക്ള തൊഴിലാളി പീഢനം സംബന്ധിച്ച് ഗാന്ധിജിയോട് വ്യക്തിപരമായി വിവരിച്ചു. ചമ്പാരൻ സന്ദർശിക്കണമെന്ന് അഭ്യർത്ഥിച്ചു. തനിക്ക് പരിചയം ഇല്ലാത്ത സ്ഥലവും, വിഷയവും ആണെന്ന് പറഞ്ഞ് ആദ്യം നിരസിച്ച ഗാന്ധിജി സമ്മർദത്തിന് വഴങ്ങി സന്ദർശനത്തിന് സമ്മതിച്ചു.

മൂന്ന് മാസത്തിന് ശേഷം ഏപ്രിൽ 9 ന് ബീഹാറിലെ ചമ്പാരനിലേയ്ക്ക് തിരിച്ച ഗാന്ധിജി പിറ്റേദിവസം തൊട്ടടുത്ത ജില്ലയായ മുസഫർപൂരിലെത്തി. തോട്ടം ഉടമകളുടെ സംഘടനയായ പ്ലാന്റേഴ്സ് അസോസ്സിയേഷൻ സെക്രട്ടറി ജെ.എം. വിൽസനെ നേരിൽ കണ്ട് തൊഴിലാളി വിഷയങ്ങൾ ചർച്ച ചെയ്തു. താങ്കളുടെ ആവശ്യം ഇവിടെയില്ല. താങ്കൾ ഇവിടം വിട്ടു പോകണം വിൽസൺ ഗാന്ധിജിയോടാവശ്യപ്പെട്ടു. തുടർന്ന് ഏപ്രിൽ 13ന് സ്ഥലം ഭരണാധികാരിയായ കമ്മീഷണറെയും, കളക്ടറെയും ഗാന്ധിജി കണ്ടു. താങ്കളുടെ ഒരു സേവനവും ഇവിടെ ആവശ്യമില്ല. കാര്യങ്ങളെല്ലാം സർക്കാർ ചെയ്തു കൊള്ളും. ഉടൻ ഇവിടം വിട്ട് പോകണം. അവരുടെ നിലപാടും ഇതായിരുന്നു. ഞാൻ ഇവിടെ വേണമെന്ന് തൊഴിലാളികളും, പാട്ടക്കാരും ആവശ്യപ്പെടുന്നു. അതുകൊണ്ട് തിരികെ പോകില്ല ഗാന്ധിജിയുടെ തീരുമാനവും ശബ്ദവും അവർക്ക് മുന്നിൽ ദൃഢമായിരുന്നു.

ഗാന്ധിജിയുടെ വരവും, ഇടപെടലും കേട്ടറിഞ്ഞ നൂറുകണക്കിന് തൊഴിലാളികളും, പാട്ടക്കാരും അദ്ദേഹത്തെ നേരിൽ കണ്ട് തങ്ങളുടെ ജീവിത പ്രയാസങ്ങൾ വിവരിച്ചു. ഏപ്രിൽ 15 ന് ചമ്പാരൻ ജില്ലയുടെ തലസ്ഥാനമായ മോത്തിഹാരിയിലേക്ക് പുറപ്പെട്ട ഗാന്ധിജി, വൈകുന്നേരം 3 മണിയോട് കൂടി മോത്തിഹാരി റെയിൽവെ സ്റ്റേഷനിൽ എത്തി. അദ്ദേഹത്തെ കാണാൻ വൻജനാവലി സ്റ്റേഷനിൽ തടിച്ചുകൂടിയിരുന്നു.

അന്നേദിവസം ജാസുലിപട്ടി എന്ന ഗ്രാമത്തിലേയ്ക്ക് പുറപ്പെട്ട ഗാന്ധിജിയെ യാത്രമദ്ധ്യേ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് തടഞ്ഞുനിർത്തി, വാഹനത്തിൽ കയറ്റി കൊണ്ടുപോയി. ഇടയ്ക്ക് വാഹനം നിർത്തിയ ഉദ്യോഗസ്ഥൻ, പോലീസ് നിയമം 144 പ്രകാരം നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് കമ്മീഷണർ ജില്ലാ മജിസ്ട്രേറ്റിനെഴുതിയ കത്തും, ഇതനുസരിച്ച്, തൊട്ടടുത്ത് ലഭിക്കുന്ന ട്രെയിനിൽ ചമ്പാരൻ വിട്ടുപോകുവാൻ ജില്ലാ മജിസ്ട്രേറ്റ് ഡബ്ല്യു.ആ. ഹെയ്കോക്ക് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവും ഗാന്ധിജിക്ക് കൈമാറി. ഞാൻ തിരിച്ചു പോകരുതെന്ന് എന്റെ മനസ്സ് പറയുന്നു. അധികാരികളെ സന്തോഷിപ്പിക്കാനായി ഞാൻ തിരിച്ച് പോകില്ല. താങ്കളുടെ ഉത്തരവ് ലംഘിക്കുന്നതിനുള്ള ശിക്ഷ അനുഭവിക്കാൻ ഞാൻ തയ്യാറാണ്. മജിസ്ട്രേറ്റിന് എഴുതിയ മറുപടിയിൽ ഗാന്ധിജി വ്യക്തമാക്കി. ഈ മറുപടിക്ക് പിന്നാലെ ഐ.പി.സി. 188 പ്രകാരമുള്ള കുറ്റങ്ങൾ ആരോപിച്ച് സമൻസ് നൽകി ഗാന്ധിജിയെ വീട്ടുതടങ്കലിലാക്കി. ഏപ്രിൽ 18 ന് സബ്ഡിവിഷണൽ മജിസ്ട്രേറ്റിന് മുമ്പിൽ ഹാജരാകണമെന്നും സമൻസിൽ രേഖപ്പെടുത്തിയിരുന്നു.

ഏപ്രിൽ 18 ന് കോടതിയിലേയ്ക്ക് പോകുന്ന വഴി തന്നോടൊപ്പം ഉണ്ടായിരുന്ന വരോടായി അദ്ദേഹം പറഞ്ഞു. ഇതിൽ നമ്മൾ വിജയിക്കും നിശ്ചയദാർഢ്യത്തിന്റെ തായിരുന്നു ഈ വാക്കുകൾ. ഗാന്ധിജി കോടതിയിൽ എത്തുമ്പോൾ കോടതി പരിസരം രണ്ടായിരത്തോളം വരുന്ന തൊഴിലാളികളെ കൊണ്ട് നിറഞ്ഞിരുന്നു. കോടതി അക്രമിക്കപ്പെടുമെന്ന് ഭയന്ന് കൂടുതൽ പോലീസിനെ വിന്യസിപ്പിച്ച് സുരക്ഷ ഉറപ്പ് വരുത്തിയ ശേഷമാണ് മജിസ്ട്രേറ്റ് നടപടികൾ ആരംഭിച്ചത്.

കോടതി മുറിയിലേയ്ക്ക് കൊണ്ടുവന്ന ഗാന്ധിജിക്ക് മുമ്പിൽ കെട്ടുകണക്കിന് നിയമപുസ്തകങ്ങളുമായി സർക്കാർ അഭിഭാഷകൻ ഹാജരായി. പ്രഗൽ അഭിഭാഷകൻ കൂടിയായ ഗാന്ധിജിക്കെതിരെയാണ് താൻ വാദിക്കാൻ പോകുന്നത് എന്നത് സർക്കാർ അഭിഭാഷകനെ അസ്വസ്തനാക്കിയിരുന്നു.

കുറ്റപത്രം വായിക്കപ്പെട്ടു. ഗാന്ധിജിയുടെ ഇവിടുത്തെ സന്ദർശനം കലാപത്തിനും, കൊലപാതകത്തിനും ഇടവരുത്തും അതുകൊണ്ട് ചമ്പാരൻ വിട്ടു പോകാനുള്ള ഉത്തരവ്



**കൃഷി ചെയ്തിരുന്ന നീലം ചെടി**



**ഗാന്ധിജി ചമ്പാരനിലെ തൊഴിലാളികളും, പാട്ടക്കാരും ഉൾപ്പെടുന്ന ജനസഞ്ചയത്തോട് പ്രസംഗിക്കുന്നു.**

SHANOOR
lifestyle villas & apartments
Trust the best.™

ലംഘിച്ച ഇദ്ദേഹത്തെ ശിക്ഷിക്കണം. സർക്കാർ അഭിഭാഷകൻ ആവശ്യപ്പെട്ടു.

തനിക്ക് വേണ്ടി വാദിക്കുവാൻ അഭിഭാഷകരില്ല. എനിക്ക് പറയുവാനുള്ളത് ഞാൻ തന്നെ പ്രസ്താവിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞ് താൻ തയ്യാറാക്കിയിരുന്ന പ്രസ്താവന ഗാന്ധിജി കോടതിയിൽ വായിച്ചു.

പോലീസ് നിയമം 144 പ്രകാരമുള്ള നിയമലംഘനം നടത്തിയെന്നത് ശരിയാണ്. മനുഷ്യത്വപരമായ തൊഴിലാളി സേവനത്തിനാണ് ഞാൻ ഇവിടെ വന്നത്. തോട്ടം ഉടമ കൾ തൊഴിലാളികളെയും, പാട്ടക്കാരെയും പീഢിപ്പിക്കുന്നു. പാട്ടതുകയും, പാട്ടകരവും, ക്രമാതീതമായി വർദ്ധിപ്പിക്കുന്നു. ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്യാൻ അനുവദിക്കുന്നില്ല. തൊഴിലാളികളും, പാട്ടക്കാരും കൊടുംപട്ടിണിയിലാണ്. സർക്കാർ ഉദ്യോഗസ്ഥർ പൂർണ്ണ മായും തോട്ടം ഉടമകളോടൊപ്പം നിൽക്കുന്നു. ഇത് മനുഷ്യത്വരഹിതമാണ്. ഇതിന് പരിഹാരം ഉണ്ടാകണമെന്ന എന്റെ ദൗത്യം പൂർത്തീകരിക്കാതെ ഞാൻ മടങ്ങില്ല. മടങ്ങി പോകണമെന്ന ഉത്തരവ് അനുസരിക്കാതിരുന്നത് അതിനേക്കാൾ വലിയ ഉത്തരവ് എന്റെ മനസ്സിൽ നിന്നും ഉണ്ടായതുകൊണ്ടാണ്. ഗാന്ധിജി അസന്നിഗ്ദ്ദമായി കോടതിയിൽ പ്രസ്താവിച്ചു.

ഇപ്പോൾ ചമ്പാരൻ വിട്ടുപോകാൻ തയ്യാറാണെന്ന് താങ്കൾ സമ്മതിച്ചാൽ ശിക്ഷയിൽ നിന്നും ഒഴിവാക്കാം എന്ന് പറഞ്ഞ മജിസ്ട്രേറ്റിന് മുമ്പിൽ സാദ്ധ്യമല്ല-എന്നെ ജയിലിലടയ്ക്കാം, എന്നാൽ ജയിലിൽ നിന്നും മടങ്ങി വരുന്ന എന്റെ വാസസ്ഥലം ചമ്പാരൻ ആയിരിക്കും എന്ന ഉറച്ച മറുപടിയാണ് ഗാന്ധിജി നൽകിയത്.

വിധി പ്രസ്താവം മാറ്റി വച്ച മജിസ്ട്രേറ്റ്, കോടതി വീണ്ടും 3 മണിക്ക് ചേർന്നപ്പോൾ വിധിപ്രസ്താവം 21-ാം തീയതിയിലേയ്ക്ക് മാറ്റുകയാണ് ചെയ്തത്. അതോടൊപ്പം 100 രൂപാ കെട്ടിവച്ച് ഗാന്ധിജിയെ ജാമ്യത്തിൽ വിടാനും ഉത്തരവിട്ടു.

എന്റെ കൈയ്യിൽ പണം ഇല്ല. ജാമ്യം നിൽക്കാൻ ആരും ഇല്ല. നിങ്ങൾക്ക് എന്നെ എന്തുവേണമെങ്കിലും ചെയ്യാം ഗാന്ധിജിയുടെ പ്രതികരണം ഇതായിരുന്നു. ആയിരക്കണക്കിനാളുകൾ എന്തിനും തയ്യാറായി. കോടതിക്ക് പുറത്ത് നിലയുറപ്പിച്ചിരിക്കു മ്പോഴാണ് ഈ പ്രസ്ഥാവന ഗാന്ധിജി നടത്തിയത്. ആശയക്കുഴപ്പത്തിലായ മജിസ്ട്രേറ്റ് ആദ്യ ഉത്തരവ് ഭേദഗതി ചെയ്ത് ഗാന്ധിജിയെ വിട്ടയയ്ക്കാൻ ഉത്തരവിട്ടു. ചമ്പാരൻ വിഷയത്തിൽ ഗാന്ധിജിയുടെ ആദ്യവിജയദിനമാണ് ഏപ്രിൽ 18.

ഗാന്ധിജിയ്ക്കെതിരെയുള്ള കേസ്സും, അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തോടെയുള്ള നിലപാടും, അതിലൂടെ ഉണ്ടാകുവാൻ പോകുന്ന വൻപ്രതിഷേധവും, വിലയിരുത്തിയ സർക്കാർ, 1917 ഏപ്രിൽ 20 ന് വൈകുന്നേരം 7 മണിക്ക് ഗാന്ധിജിയ്ക്കെതിരെയുള്ള എല്ലാ കേസ്സുകളും പിൻവലിച്ച് ഉത്തരവിറക്കി. ചമ്പാരനിലെ ഗ്രാമങ്ങൾ സന്ദർശിക്കാനും, തൊഴിലാളികളെയും, പാട്ടക്കാരെയും കാണാനും സംസാരിക്കാനുമുള്ള ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ തടയരുതെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

തൊഴിലാളികളും പാട്ടക്കാരും വ്യാപകമായി ഗാന്ധിജിയ്ക്ക് മുമ്പിൽ പരാതി പറയാനും, തെളിവുകൾ നൽകാനും ഹാജരായി. മെയ് 12 വരെ നടന്ന തൊഴിലാളി സമ്പർക്കത്തിൽ 850 ഓളം ഗ്രാമങ്ങളിൽ നിന്നും, 60 ഓളം ഫാക്ടറികളിലും നിന്നുമായി 8000ത്തോളം പേർ പരാതികളും, സങ്കടങ്ങളും ബോധിപ്പിച്ചു. ഇതെല്ലാം പഠിച്ച് തയ്യാറാ ക്കിയ സമഗ്രമായ നിവേദനം മെയ് 14 ന് സർക്കാരിന് സമർപ്പിച്ചു. കോപ്പികൾ എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും, പ്ലാന്റേഴ്സ് അസോസ്സിയേഷൻ ഭാരവാഹികൾക്കും നൽകി.

നിവേദനത്തിലെ ഉള്ളടക്കത്തിൽ പരിഭ്രാന്തരായ തോട്ടം ഉടമകളും, ഇടനിലക്കാരും തൊഴിലാളികൾ അക്രമികൾ ആണെന്ന് വരുത്തി തീർക്കുവാൻ ഗൂഢാലോചന നടത്തി. ഇതിന്റെ ഭാഗമായി മെയ് 14 ന് ഒലഹ എന്ന ഫാക്ടറിയും, മെയ് 18 ന് ദോക്രിഹ എന്ന ഫാക്ടറിയും മുതലാളിമാർ സ്വയം തീയിട്ടു. ഇതിന്റെ പേരിൽ ആരോപണം ചാർത്തി തൊഴിലാളി കുടുംബങ്ങൾ ഗുണ്ടകൾ കൊള്ളയടിച്ചു - അക്രമം നടത്തി.

ഈ വിഷയവുമായി ബന്ധപ്പെട്ട് മെയ് 20 ന് ഗാന്ധിജി ജില്ലാ മജിസ്ട്രേറ്റ് ഹെയ്കോക്ക്ന് വിശദമായി കത്തു എഴുതി. തോട്ടം ഉടമകളും, ഇടനിലക്കാരും, അവരുടെ ഗുണ്ടകളും തൊഴിലാളി ഭവനങ്ങൾ കൊള്ളയടിക്കുന്നു. എന്റെ മുന്നിൽ പരാതി പറഞ്ഞവരെ മർദ്ദിക്കുന്നു. വധിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നു. മുതലാളിമാർ സ്വയം അക്രമവും തീവെയ്പും നടത്തി തൊഴിലാളികളെ പ്രതികളാക്കുന്നു. ഉദ്യോഗസ്ഥർ മുതലാളിമാരോടൊപ്പം നിൽക്കുന്നു. നീതി ലഭിക്കുന്നില്ല. മനുഷ്യത്വം ഹനിക്കപ്പെടുന്നു. ഈ കാര്യങ്ങളിൽ വ്യക്തമായ തെളിവ് ഹാജരാക്കാൻ എനിക്ക് കഴിയും. ഇത്തരം നടപടികൾക്ക് അടിയന്തിര വിരാമം ഉണ്ടാകുന്നില്ലെങ്കിൽ വലിയ വില നൽകേണ്ടി വരും ഗാന്ധിജി കത്തിലൂടെ മുന്നറിയിപ്പ് നൽകി.

ഗാന്ധിജിയുടെ ഈ നീക്കത്തിനെതിരെ വ്യാപക പ്രതിഷേധങ്ങൾ തോട്ടം ഉടമ കളുടെയും, ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നും ഉണ്ടായി. അവർ വ്യാജ പരാതികളും, റിപ്പോർട്ടുകളും നിർമ്മിച്ച് ഗവർണർക്ക് സമർപ്പിച്ചു. ഗാന്ധിജിയെ ഒരു അക്രമകാരിയും, ബ്രിട്ടീഷ് വിരുദ്ധനുമായി ചിത്രീകരിച്ചു.

പരാതികളുടെ പേരിൽ ഗവർണർ സർ, എഡ്വേഡ് ഗെയ്റ്റിനു മുമ്പിൽ ജൂൺ 4 ന് ഹാജരാകാൻ ഗാന്ധിജിയ്ക്ക് സമൻസ് നൽകപ്പെട്ടു. ഗാന്ധിജിയ്ക്കെതിരെ കടുത്ത നടപടികൾ ഉണ്ടാകുമെന്ന് കരുതി തൊഴിലാളികളും മറ്റ് നേതാക്കളും വളരെ രഹസ്യമായി പലമുൻകരുതലുകളും എടുത്തിരുന്നു. ഗവർണറെ സ്വാധീനിക്കുവാൻ മുതലാളിമാർ പലമാർക്ഷങ്ങളും സ്വീകരിച്ചു. ഗാന്ധിജിയെ എത്രയും വേഗം ചമ്പാരനിൽ നിന്നും പുറത്തു കടത്തണമെന്ന് യൂറോപ്യൻ ഡിഫൻസ് അസോസ്സിയേഷൻ പ്രമേയം പാസ്സാക്കി ഗവർണർക്ക് സമർപ്പിച്ചു. പത്ര - മാധ്യമങ്ങൾ വഴി ഗാന്ധിജിയ്ക്കെതിരെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. വൻഗൂഢാലോചനകളാണ് അദ്ദേഹത്തിനെതിരെ അരങ്ങേറിയത്.

ജൂൺ 4 ന് ഗവർണറും ഗാന്ധിജിയും തമ്മിൽ നടന്ന സംഭാഷണം ദീർഘമായിരുന്നു. തുടർച്ചയായി 5 -ാം തീയതിയും, 6 -ാം തീയതിയും സംഭാഷണം തുടർന്നു. ജൂൺ 6 ന് വൈകുന്നേരം ചമ്പാരൻ വിഷയത്തിൽ സർക്കാർതല അന്വേഷണ കമ്മീഷന് രൂപം കൊടുക്കുവാനും, ഗാന്ധിജിയെ കമ്മീഷനിലെ ഒരംഗമായി നിയമിക്കുവാനും തീരുമാനിച്ചു.

ജൂൺ 13 ന് ഔദ്യോഗികമായി അന്വേഷണ കമ്മീഷൻ പ്രഖ്യാപിക്കപ്പെട്ടു. കമ്മീഷണർ എഫ്.ജി. സ്ലേ അദ്ധ്യക്ഷനായ കമ്മീഷനിൽ നിയമകാര്യ സൂപ്രണ്ട് എൽ.സി. അദാനി ഐ.സി.എസ്, നിയമസഭാംഗങ്ങളായ രാജ ഹരിഹരപ്രസാദ് നാരായണസിംഗ്, ഡി.ജെ. റെയ്ഡ്, ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി ജി. റെയ്നി, തൊഴിലാളികളെ പ്രതിനിധീകരിച്ച് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നിവർ അംഗങ്ങളായി ആറംഗ കമ്മീഷനാണ് നിയമിക്കപ്പെട്ടത്. ഇ.എൽ. ടാണർ ഐ.സി.എസ്. കമ്മീഷൻ സെക്രട്ടറി യായും നിയമിക്കപ്പെട്ടു.

ജൂലൈ 15 മുതൽ തുടർച്ചയായി തെളിവെടുപ്പ് നടത്തിയ കമ്മീഷൻ നിശ്ചയിക്കപ്പെട്ട മൂന്ന് മാസകാലവധിക്കുള്ളിൽ ഒക്ടോബർ 4 ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ട് അംഗീകരിച്ച സർക്കാർ നവംബർ 29 ന് ചമ്പാരൻ കർഷക ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. 5 മാസം നീണ്ട ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും ശേഷം പാസ്സാക്കപ്പെട്ട ഈ ബിൽ 1918 മെയ് 1 ന് ഗവർണർ ജനറൽ ഒപ്പുവച്ചതോട് കൂടി ചമ്പാരൻ കർഷക നിയമം – 1917 നിലവിൽ വന്നു.

ഗാന്ധിജി തന്റെ മനസ്സും, ശരീരവും പൂർണ്ണമായി സമർപ്പിച്ച് ഒരു വർഷവും പന്ത്രണ്ട് ദിവസവും നിരന്തരമായി പോരാടി കൈവരിച്ച ഈ നേട്ടം ഇന്ത്യൻ തൊഴിലാളി വർക്ഷത്തിനും, പാർശ്വവൽക്കരിക്കപ്പെട്ടവർക്കും എന്നും എക്കാലവും ആവേശം പകരും. പ്രത്യക്ഷമായും പരോക്ഷമായും മുപ്പത്തി മൂവായിരത്തോളം തൊഴിലാളികളും, പാട്ടക്കാരും ഈ പ്രക്ഷോഭത്തിൽ പങ്കെടുത്തു എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

1918 മെയ് 24 ന് മോത്തിഹാരിയിലെ തന്റെ ആശ്രമത്തിന് ശിലാസ്ഥാപനം നടത്തി ചമ്പാരനോട് വിട പറഞ്ഞ അദ്ദേഹം, സ്വരാജ് എന്ന നമ്മുടെ സ്വപ്നം യാഥാർത്ഥ്യ മാകണമെങ്കിൽ ഇതുപോലുള്ള തൊഴിലാളികളെയും, പാവപ്പെട്ടവരെയും ചൂഷണത്തിൽ നിന്നും മുക്തമാക്കുവാൻ നമുക്ക് കഴിയണം. അതിനായി പ്രവർത്തിക്കണം. അസനിഗ്ധമായി ഗാന്ധിജി അഭിപ്രായപ്പെട്ടു. ഈ വാക്കുകൾ ഇന്നും അന്വർത്ഥമാണ് – അനശ്വരമാണ്.

ഇന്ത്യൻ തൊഴിലാളി പ്രസ്ഥാനത്തിന്റെ പിതാവായ മഹാത്മഗാന്ധിജിയുടെ പ്രവർത്തന ശക്തിയും ആവേശവും മൂന്ന് കോടി അൻപത്തിയെട്ട് ലക്ഷം അംഗസംഖ്യയുള്ള ഐ.എൻ.റ്റി.യു.സി.യ്ക്ക് ഇന്നും എന്നും പ്രചോദനവും വഴികാട്ടിയുമാണ്.

ഇന്ത്യൻ തൊഴിലാളി മോചനത്തിന്റെ ഇതിഹാസ ചരിത്രമായ ചമ്പാരൻ സമരം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രത്യക്ഷ തുടക്കമായി മാറിയത് യാദൃശ്ചികമാകാം അഥവാ നിയോഗമാകാം. അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് തുടക്കം കുറിച്ച 1773 ഡിസംബർ 16 ലെ ബോസ്റ്റൺ ടീ പാർട്ടി പ്രക്ഷോഭം പോലെ.



**1917 ഏപ്രിൽ 18 ന് ചമ്പാരൻ വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ ഹാജരാക്കപ്പെട്ട ഗാന്ധിജിയുടെ ഓർമ്മ നിലനിർത്തുവാൻ ചമ്പാരനിൽ സ്ഥാപിക്കപ്പെട്ട സ്തൂഭം**




# ജില്ലാ പ്രതിനിധി സമ്മേളനം

# ഐ.എൻ.ടി.യു.സി. ജില്ലാ പ്രതിനിധി സമ്മേളനങ്ങളുടെ നേർകാഴ്ച






# ജില്ലാ പ്രതിനിധി സമ്മേളനം


INTUC
കാസർകോട് ജില്ലാ കമ്മിറ്റി
അനുമോദനവും
PGS

# നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനസ്തംഭനത്തിൽ



**കെ.പി. തമ്പി കണ്ണാടൻ**
INTUC ദേശീയ സെക്രട്ടറി
മെമ്പർ –
നിർമ്മാണ തൊഴിലാളി
ക്ഷേമനിധി ബോർഡ്

കേരളത്തിൽ നിർമ്മാണമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ചതാണ് കേരളാ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്. 21 ലക്ഷം അംഗങ്ങളുടെയും 4½ ലക്ഷം പെൻഷൻക്കാരുടെയും ആശ്വാസ കേന്ദ്രം കൂടിയാണ് ഈ ക്ഷേമനിധി.

1990–ൽ നിലവിൽ വന്ന ഇന്ത്യയിലെ ആദ്യത്തെ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയാണ് കേരളാ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്. സംസ്ഥാനത്ത് നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ആകെ തുകയിൽ നിന്നും ഒരു ശതമാനം ഈ ക്ഷേമനിധി ബോർഡിലേയക്ക് അടയ്ക്കണമെന്ന നിയമ വ്യവസ്ഥ നടപ്പിലാക്കുകയും ഇതു പിരിച്ചെടുക്കുന്നതിന് ബോർഡിനെ അധികാരപ്പെടുത്തുകയും ചെയ്തു. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബോർഡ് ദൈനംദിനം ആശയവിനിമയം നടത്തിയും,നിർമ്മാണത്തിലിരിക്കുന്നതും പൂർത്തിയായതുമായ പ്രവർത്തനങ്ങളുടെ കണക്കുകൾ കൃത്യമായി ശേഖരിച്ചും അത് അടിസ്ഥാനമാക്കി ഒരു ശതമാനം സെസ് അടക്കുവാൻ ഉടമകൾക്കെല്ലാം യഥാസമയം നോട്ടീസ് അയക്കുകയും സെസ് പിരിക്കുകയും ചെയ്തിരുന്നു. പരാതികൾ ഉണ്ടായാൽ അത് കേൾക്കുകയും പരിഹരിക്കേണ്ടവ പരിഹരിച്ച് ബോർഡിന് അർഹതപ്പെട്ട സെസ് കൃത്യമായി സമാഹരിക്കുകയും ചെയ്തിരുന്നു.

കുറഞ്ഞ സമയപരിധിക്കുള്ളിൽ 14 ജില്ലകളിലും ജില്ലാ ബോർഡ് ഓഫീസുകൾ തുറന്ന് പ്രവർത്തനം കർശനമാക്കി. 18 വയസ്സ് തികഞ്ഞവരും 60 വയസ് പൂർത്തിയാക്കത്തവരുമായ തൊഴിലാളികൾക്ക് ബോർഡിൽ അംഗത്വം നൽകുകയും അവരിൽ നിന്നും 10 രൂപ, 15 രൂപ, 20 രൂപ എന്നീ ക്രമത്തിൽ അംശാദായം അടയ്ക്കുന്നതിനുള്ള ക്രമീകരണങ്ങളും ഉണ്ടായി. ഈ പ്രവർത്തനങ്ങൾ മൂന്ന് വർഷം പിന്നിട്ടപ്പോൾ ബോർഡിന്റെ ക്ഷേമനിധി സ്ഥിര നിക്ഷേപം 13 കോടിയായി ഉയർന്നു. 1996 ൽ ദി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമം പാർലമെന്റ് പാസ്സാക്കി നിയമമായി. ഇതതനുസരിച്ച് സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന ക്ഷേമനിധി ബോർഡ് 1998 മുതൽ കേന്ദ്ര നിയമത്തിന്റെയും സംസ്ഥാന ചട്ടങ്ങളുടെയും പരിധിയിലായി.

ഈ നിയമപ്രകാരം ബോർഡ് നേരിട്ടോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴിയോ അഥവാ സംസ്ഥാന സർക്കാരിന് താൽപര്യമുള്ള മറ്റ് ഏതെങ്കിലും വിഭാഗം വഴിയോ സെസ് കളക്ഷൻ നടത്താവുന്നതാണ്. ഈ വ്യവസ്ഥപ്രകാരം ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് സെസ് പിരിക്കുന്നത്. നിർമ്മാണത്തിന് അനുമതി കൊടുക്കുന്ന സ്ഥാപനത്തെ സെസ് പിരിക്കാൻ ചുമതലപ്പെടുത്തുന്നത് കൊണ്ട് പണി പൂർത്തിയായി പൂർത്തീകരണ സർട്ടിഫിക്കറ്റ് കൊടുക്കുമ്പോൾ തന്നെ ബോർഡിന് ലഭിക്കേണ്ട സെസ് കൂടി യഥാസമയം പിരിച്ചെടുക്കുവാൻ കഴിയുന്നു. ഇതുവഴി ഇന്ത്യയിലെ എല്ലാം ക്ഷേമനിധി ബോർഡുകളിലും ശതകോടികളുടെ വരുമാനമാണ് ഓരോ വർഷവും ലഭിക്കുന്നത്.

എന്നാൽ കേരളത്തിൽ ഇതിന് വിരുദ്ധമായ പ്രവർത്തനമാണ് നടക്കുന്നത്. ഒരു ഉന്നത ഐ.എ.എസ്.ഉദ്യോഗസ്ഥന്റെ അളിയന്റെ കോടികൾ വിലവരുന്ന വീട് നിർമ്മാണ സെസ് വിഹിതം ഒഴിവാക്കുവാൻ ബോർഡിൽ സമ്മർദ്ദം ഉണ്ടായി. ബോർഡ് അത് അംഗീകരിച്ചില്ല. ഇതിന്റെ പേരിൽ കേന്ദ്രം നിയമം വന്നപ്പോൾ അതിലെ ഒരു പഴുത് ഉപയോഗിച്ച് സെസ് പിരിവ് പൂർണ്ണമായും ബോർഡിൽ നിന്നും മാറ്റി തൊഴിൽ വകുപ്പിനെ ഏൽപിച്ചു. ഒരു ഐ.എ. എസ്. ഉദ്യോഗസ്ഥന്റെ പകയും ധാർഷ്ട്യവുമാണ് ഇതിലൂടെ കണ്ടത്.

ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി സെസ് പിരിക്കുന്നതിന് പകരം സെസ് പിരിക്കാനുള്ള ചുമതല തൊഴിൽ വകുപ്പിനെ ഏൽപ്പിച്ചിരിക്കുന്നു. ഇവരാണെങ്കിൽ കെട്ടിട നിർമ്മാണവും ആയി യാതൊരു ബന്ധവും ഇല്ലാത്ത റവന്യൂ വകുപ്പും ആയി ബന്ധപ്പെട്ട് മാത്രം സെസ് പിരിവിന്റെ നടപടികൾ നടത്തുന്നു. ഇതാണെങ്കിൽ ശരിയായി നടക്കുന്നുമില്ല. ഇതുമൂലം ശതകോടികളുടെ വരുമാനമാണ് പാവപ്പെട്ട തൊഴിലാളികളുടെ ഈ ക്ഷേമനിധി ബോർഡിന് ഇന്നുണ്ടായിരിക്കുന്നത്. ഈ സെസ് പിരിവിന്റെ പേരിൽ വൻ അഴിമതിയാണ് നടക്കുന്നത്. യാതൊരു മര്യാദയും ഇല്ലാതെ ചില ഉദ്യോഗസ്ഥർ ഈ പിച്ചച്ചട്ടിയിൽ കൈയ്യിട്ട് വാരുന്നു.

കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായി വർഷങ്ങൾക്ക് ശേഷമാണ് ഉടമകൾക്ക് സെസ്സ് സംബന്ധിച്ച നോട്ടീസ് തൊഴിൽവകുപ്പ് അയയ്ക്കുന്നത്. ഉദാഹരണത്തിന് 2011 പണിപൂർത്തിയാക്കിയ കെട്ടിടത്തിന് സെസ്സ് നോട്ടീസ് അയച്ചത് 2021 ൽ. എല്ലാ ജില്ലകളിലെയും സ്ഥിതി ഇതുതന്നെ. ഈ നോട്ടീസിന് പിന്നാലെ ഉടമസ്ഥർ ഒഴിവ് അപേക്ഷയും, അതിന് പിന്നാലെ അപ്പീൽ അപേക്ഷയും നൽകി യഥാർത്ഥത്തിൽ അടയ്ക്കേണ്ട തുകയുടെ 10% പോലും അടയ്ക്കാതെ ഒതുക്കി തീർക്കുന്നു.

ആധാർ ലിങ്ക് ചെയ്ത് ഓരോ അംഗ തൊഴിലാളിയ്ക്കും തിരിച്ചറിയൽ കാർഡ് നൽകാൻ ഒരു കാർഡിന് 25 രൂപാവീതം 4.5 കോടിയോളം രൂപ 2013 ൽ ബോർഡിൽ നിന്ന് തൊഴിൽവകുപ്പ് ഈടാക്കിയെങ്കിലും ഒരു തൊഴിലാളിയ്ക്കും പോലും നാളിതുവരെയായി കാർഡ് നൽകിയിട്ടില്ല. സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത7.5 കോടിയോളം രൂപാ ബോർഡിൽ അടയ്ക്കേണ്ടതിന് പകരം തൊഴിൽവകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. സെസ്സ് പിരിവിനായി മുഴുവൻ സ്റ്റേഷനറി സാധാനങ്ങളും 45 ജീവനക്കാരെയും ബോർഡ് തൊഴിൽ വകുപ്പിന്



KERALA'S
HIGHEST CRISIL RATED
BUILDER

KERALA: **+91 98464 99999** www.assethomes.in
DUBAI: **+971- 556795000,** SAUDI ARABIA: **+966- 568786141**

**CORP. OFFICE:** No. XV/246C, Asset Centrale, NH Bypass, Kundannoor Junction, Maradu P.O., Ernakulam, Kochi - 682 304. 95267 99999

DA2+

ASSET
*Responsibly Yours*

നൽകിയിരിക്കുന്നു. ഇതുകൂടാതെ കത്തുകൾ അയയ്ക്കുവാനായി പോസ്റ്റൽ സ്റ്റാമ്പിനുള്ള പണവും ബോർഡ് നൽകുന്നു. ഈ ഇനത്തിൽ മാത്രം ബോർഡ് കോടികളാണ് തൊഴിൽ വകുപ്പിന് നൽകിയിട്ടുള്ളത്. ഇങ്ങനെയാണെങ്കിലും സെസ്സ് ഈടാക്കുമ്പോൾ വ്യക്തികളിൽ നിന്നും പോസ്റ്റൽ ചാർജ്ജ് ആയി 1000 രൂപ വീതവും തൊഴിൽവകുപ്പ് ഈടാക്കുന്നു. ഇതിനെല്ലാം പുറമെ സെസ്സ് പിരിവിന്റെ ഒരു ശതമാനവും സർവ്വീസ് ചാർജ്ജ് ആയി ബോർഡിൽ നിന്നും ഈടാക്കി വരുന്നു. ചുരുക്കത്തിൽ തൊഴിലാളികൾക്ക് വേണ്ടിയല്ല മറിച്ച് ചില തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർക്ക് തങ്ങളുടെ അധികാരശക്തി വർദ്ധിപ്പിക്കാനും, അതുവഴി അഴിമതി നടത്തുവാനുള്ള ഒരു താവളമായി ഈ ക്ഷേമനിധി ബോർഡിനെ മാറ്റിയിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

പരാതികൾ ഏറെയായപ്പോൾ സെസ്സ് പിരിവ് മറ്റ് സംസ്ഥാനങ്ങളെപ്പോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കാനുള്ള നിർദ്ദേശം ഉണ്ടായി. എന്നാൽ സ്വയംഭരണ അധികാരമുള്ള ബോർഡിനോട് ചോദിക്കാതെ ജില്ലാ ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ചുമതല ജില്ലാ ലേബർ ഓഫീസർമാരെ ഏല്പിച്ചുകൊണ്ട് ബോർഡിന്റെ അധികാരം കവർന്നെടുക്കുകയാണ് തൊഴിൽവകുപ്പ് ചെയ്തിരിക്കുന്നത്. ഇതിന് പിന്നിൽ ചില ഉദ്യോഗസ്ഥരുടെ ഗൂഢാലോചനയും അവിഹിത ഇടപെടലും ഉണ്ടായിട്ടുണ്ട്.

നിലവിൽ പെൻഷൻ ഇനത്തിൽ 50 കോടിയും, മറ്റ് ആനുകൂല്യ വിതരണത്തിനായി 10 കോടിയും, ദൈനംദിന ചിലവുകൾക്കായി 1 കോടിയും, ശമ്പള ഇനത്തിൽ 1 കോടിയും ഉൾപ്പെടെ പ്രതിമാസ ചിലവ് 62 കോടിയാണ്. എന്നാൽ പ്രതിമാസ വരവ് 25 കോടിയിൽ താഴെ മാത്രം. ഇതിൽ ഭൂരിഭാഗവും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആയി ബന്ധപ്പെട്ടുള്ള സെസ്സും, തൊഴിലാളികൾ അടയ്ക്കുന്ന അംശദായവും മാത്രമാണ്. 1890 കോടിയുടെ കരുതൽ നിക്ഷേപ ഫണ്ട് ഉണ്ടായിരുന്ന ഈ ക്ഷേമനിധിയിൽ ഇന്ന് കേവലം 67 കോടി മാത്രമാണ് കരുതൽ നിക്ഷേപമുള്ളത്. ഈ ദുസ്ഥിതിയിൽ ഈ ക്ഷേമനിധിയെ എത്തിച്ചതിന് പിന്നിൽ തൊഴിൽ വകുപ്പല്ലാതെ മറ്റാരുമല്ല.

സെസ്സ് പിരിക്കുന്നതിൽ തൊഴിൽ വകുപ്പിന്റെ അനാസ്ഥ മൂലം 1998 മുതൽ ഇന്നേവരെയായി ഏകദേശം 25000 കോടിയുടെ വരുമാന നഷ്ടം ബോർഡിനുണ്ടായിട്ടുണ്ട്. നിലവിൽ 2019 മുതൽ തൊഴിലാളികളുടെ ആനുകൂല്യവിതരണം മുടങ്ങിയിരിക്കുന്നു. പെൻഷൻ 4 മാസം കുടിശിഖയാണ്. മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 150 കോടി കടം എടുത്താണ് 3 മാസത്തെ പെൻഷൻ കഴിഞ്ഞ ക്രിസ്തുമസ് കാലയളവിൽ വിതരണം ചെയ്തത്. ഇത് പ്രതിമാസം 1 കോടി രൂപാ പലിശ ഇനത്തിൽ ബോർഡിന് ബാദ്ധ്യതയായിക്കഴിഞ്ഞു.

തിരുവനന്തപുരം ട്രഷറിയിലെ ബോർഡിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന 25 കോടി രൂപാ കാണാതായതിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ബോർഡിന്റെ ആവശ്യത്തിൽപ്പോലും നടപടിയുണ്ടായിട്ടില്ല.

1998 മുതൽ സെസ്സ് പിരിവ് തൊഴിൽവകുപ്പിനെ ഏല്പിച്ചത് തെറ്റായ നടപടിയാണെന്നും, ഇത് തിരുത്തണമെന്നും കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന സർക്കാരുകളോട് ട്രേഡ് യൂണിയനുകൾ ഒറ്റയ്ക്കും, കൂട്ടായും ആവശ്യപ്പെട്ടിട്ടും അതിന്മേൽ നടപടി സ്വീകരിക്കാത്തതാണ് ഇന്നത്തെ ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധിക്കും, ദുര്യോഗത്തിനും കാരണം.

ഫ്ളാറ്റ് നിർമ്മാതാക്കളിൽ നിന്ന് തൊഴിൽ വകുപ്പ് സെസ്സ് പിരിക്കുന്നില്ല. അവർ ചില തർക്കങ്ങൾ ഉന്നയിച്ചു എന്നതിന്റെ പേരിൽ ഇവയെ ഒഴിവാക്കിയിരിക്കുന്നു. എന്തുകൊണ്ട് ഇങ്ങനെ തീരുമാനിച്ചു. ഒന്നിനും ഉത്തരമില്ല.

ബോർഡിന്റെ ചീഫ് ഓഫീസിലും, 14 ജില്ലാ ഓഫീസുകളിലും ആയി സർക്കാർ അംഗീകരിച്ചിട്ടുള്ളത് 192 ജീവനക്കാരെയാണ്. ഇതിൽ ബോർഡ് ജീവനക്കാരായി നിലവിലുള്ളത് 18 പേർ മാത്രം. മറ്റുള്ളവരെല്ലാം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. ഡെപ്യൂട്ടേഷനിൽ വന്ന ജീവനക്കാർക്ക് ഈ ബോർഡിനോടോ, ഈ ക്ഷേമനിധിയോടോ യാതൊരു താല്പര്യവും ഇല്ല. ഈ സ്ഥാപനം തങ്ങളുടേത് കൂടിയാണെന്ന മനോഭാവത്തിൽ ജോലി ചെയ്യുന്നവർ ഈ ബോർഡിൽ ഉണ്ടാകണം. ബോർഡിൽ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് 2009 ൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി സർക്കാരിലേക്ക് അയച്ചു എങ്കിലും 13 വർഷമായിട്ടും ഇതിന്മേൽ തീരുമാനമെടുത്തിട്ടില്ല.

തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിക്കപ്പെട്ട ഈ ബോർഡിന്റെ ധനസമാഹരണം തൊഴിലാളി വിഹിതവും തൊഴിലാളി ജോലി ചെയ്തതിന്റെ പേരിൽ തൊഴിലുടമയും അടക്കുന്ന വിഹിതമാണ്. തൊഴിൽ വകുപ്പോ, ധനവകുപ്പോ യാതൊരുവിധ സാമ്പത്തിക സഹായങ്ങളും ബോർഡിന് നൽകുന്നില്ല. തൊഴിലാളികളുടെ പദ്ധതി തൊഴിലാളികൾക്ക് വിട്ടുകൊടുക്കുക. ഇക്കാര്യത്തിൽ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണം. ഇല്ലായെങ്കിൽ മറ്റ് പല ബോർഡുകളും തകർന്നതുപോലെ ഈ ശക്തമായ ബോർഡും തകർക്കപ്പെടും.

സെസ്സ് പിരിവ് 1998 ൽ തൊഴിൽ വകുപ്പിനെ ഏല്പിച്ചതിന് ശേഷമുള്ള മുഴുവൻ പ്രവർത്തനങ്ങളും ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ച് അന്വേഷണം നടത്തുവാനും, കൃത്യവിലോപം നടത്തിയവരെ കണ്ടെത്തി നടപടി സ്വീകരിക്കുവാനും സർക്കാർ തയ്യാറാകണം.

സെസ്സ് പിരിവ് തൊഴിൽവകുപ്പിൽ നിന്നും ഒഴിവാക്കി മറ്റ് സംസ്ഥാനങ്ങളിലെപ്പോലെ തദ്ദേശസ്ഥാപനങ്ങൾ വഴി ബോർഡ് തന്നെ പിരിച്ചെടുക്കുവാനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിക്കണം.

ക്ഷേമനിധി ബോർഡുകളിലെ തൊഴിൽ വകുപ്പിന്റെ അന്യായമായ ഇടപെടൽ അവസാനിപ്പിക്കണം.

ക്ഷേമനിധി ബോർഡുകളിലേക്കുള്ള ഡെപ്യൂട്ടേഷൻ രീതി അവസാനിപ്പിച്ച് ബോർഡിന് ആവശ്യമുള്ള ജീവനക്കാരെ തനതായി നിയമിക്കാൻ അനുവദിക്കണം. ഇതിനായുള്ള സ്പെഷ്യൽ റൂൾസ് അനുവദിക്കണം.

ഏകദേശം 38 ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്ന കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ മേഖലയാണ് നിർമ്മാണമേഖല. അതുകൊണ്ട് തന്നെ ഇതുമായി ബന്ധപ്പെട്ട ക്ഷേമനിധിയുടെ പ്രവർത്തനങ്ങളും വളരെ ശ്രദ്ധയോടെ വീക്ഷിക്കേണ്ടതുണ്ട്. സെക്രട്ടറിയേറ്റും, തൊഴിൽ വകുപ്പും, ഡെപ്യൂട്ടേഷൻകാരും എല്ലാവരുംകൂടി തങ്ങളിൽ ആവുന്ന എല്ലാ നിക്ഷിപ്ത താല്പര്യപ്രവർത്തനങ്ങളും നടത്തി ഈ ഒരു വലിയ സ്ഥാപനത്തെ നശിപ്പിച്ച് ഇല്ലായ്മ ചെയ്യുന്നു. ഇതിനെതിരെ കൈയ്യുംകെട്ടിയിരിക്കാൻ തൊഴിലാളികൾക്കാവില്ല. കാരണം ഈ ക്ഷേമനിധി അവരുടെ ജീവിതവിഷയമാണ്. ഈ കെടുകാര്യസ്ഥതയ്ക്കെതിരെ ശക്തമായ സമരമുഖം തുറക്കുക തന്നെ ചെയ്യണം.


RAMAPADMAM DENTALS
Ramakam, TVRA- 296, Pallimukku, Tvm-695032
Please visit our Branch Office at Karakkonam
Branch Sy. No. 22589, Behind Karakkonam Medical College, Tvm 695504
E-mail: rpd2011march14@gmail.com

# 50:50 സ്ത്രീകളുടെ അവകാശം



**കൃഷ്ണവേണി ജി. ശർമ്മ**
പ്രസിഡന്റ്
ഐ.എൻ.റ്റി.യു.സി. വുമൺ വർക്കേഴ്സ് കൗൺസിൽ &
കേരള അംഗനവാടി ആന്റ് ക്രഷ് വർക്കേഴ്സ് യൂണിയൻ

മാർച്ച് 8 ന്റെ അന്താരാഷ്ട്ര വനിതാദിനം ഈ വർഷവും ലോകമെമ്പാടും ആചരിച്ചു കഴിഞ്ഞു. പണിയെടുത്ത് ജീവിക്കുന്ന സ്ത്രീകളുടെയും അവരുടെ അവകാശസമര പോരാട്ടങ്ങളുടെയും, വിജയത്തിന്റെയും ഓർമ്മദിനമാണ് വനിതാദിനം.

ന്യൂയോർക്കിലെ വസ്ത്രനിർമ്മാണശാലകളിലെ സ്ത്രീ തൊഴിലാളികൾ സ്വയം സംഘടിതരായി 1857 മാർച്ച് 8 നും, വീണ്ടും 1908 മാർച്ച് 8 നും നടത്തിയ 2 പ്രക്ഷോഭങ്ങളുടെ ബഹുമാനാർത്ഥമാണ് 1977 മുതൽ ഐക്യരാഷ്ട്രസഭ മാർച്ച് 8 ലോകവനിതാദിനമായി പ്രഖ്യാപിച്ചത്. അവഗണിക്കപ്പെട്ടിരുന്ന തൊഴിലാളികളായ സ്ത്രീകളുടെ അഭിമാനത്തിന്റെയും പ്രചോദനത്തിന്റെയും നിമിഷങ്ങളായിരുന്നു ഐക്യരാഷ്ട്രസഭയുടെ ഈ വനിതാദിന പ്രഖ്യാപനം.

1857 ൽ നടന്ന ആദ്യസമരം ഭരണകൂടവും, തൊഴിലുടമകളും അവരുടെ ഗുണ്ടകളും ചേർന്ന് അടിച്ചമർത്തിയെങ്കിൽ 51 വർഷത്തിന് ശേഷം ആദ്യസമരക്കാരുടെ പിൻതലമുറക്കാർ അതേ സ്ഥലത്ത് പൂർവ്വാധികം ആവേശത്തോടെ നടത്തിയ സമരപ്രക്ഷോഭം വൻവിജയമായി മാറി. തുല്ല്യവോട്ടവകാശവും, മാന്യമായ വേതനവും, ജോലിസമയ വ്യവസ്ഥയും, ബാല സ്ത്രീ പീഢനങ്ങളുടെ തടയലും ഭരണകൂടത്തിൽ നിന്നും നേടിയെടുക്കാൻ ഈ സമരത്തിന് കഴിഞ്ഞു.

ലോകത്ത് സ്ത്രീയും, പുരുഷനും തുല്ല്യ അനുപാതത്തിലാണ് ജീവിക്കുന്നത്. ഇൻഡ്യയിലാണെങ്കിൽ പുരുഷന്മാരെക്കാൾ അല്പം മുന്നിലാണ് സ്ത്രീകൾ. കേരളത്തിലും സ്ത്രീകളാണ് എണ്ണത്തിൽ കൂടുതൽ. എന്തുകൊണ്ടും തുല്ല്യത അർഹിക്കുന്ന സ്ത്രീകൾ പലരംഗങ്ങളിലും തീർത്തും അവഗണിക്കപ്പെടുന്നു. തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ 50:50 എന്ന തത്വം ഒഴിച്ചാൽ നിയമസഭ, പാർലമെന്റ് വേദികളിൽ സ്ത്രീ പ്രാതിനിധ്യത്തിന് പ്രത്യേക പരിഗണനയില്ല. അവിടെ സമ്പൂർണ്ണ പുരുഷമേധാവിത്വം എന്ന് വേണമെങ്കിൽ പറയാം.

സ്ത്രീപീഢനങ്ങളും, വിവേചന ഭ്രൂണഹത്യകളും, സ്ത്രീധന പീഢനങ്ങളും, കൊലപാതകങ്ങളും, വളരെ ക്രൂരഭാവത്തിൽ സമൂഹത്തിൽ ഉയർന്നു വരുന്നു. സ്വന്തം കുടുംബത്തിൽ പോലും സ്ത്രീകൾക്ക് സുരക്ഷയില്ലാത്ത വാർത്തകളാണ് നിത്യവും കേൾക്കുന്നത്. ഇതോടൊപ്പം കുഞ്ഞുങ്ങളുടെ പീഢനങ്ങളും വ്യത്യസ്തമല്ല. ഉന്നത വിദ്യാഭ്യാസമുള്ളവരും, സമൂഹത്തിലെ ഉന്നത പദവികൾ അലങ്കരിക്കുന്നവർ പോലും ഈ മൃഗീയ വാസനകൾ ആവർത്തിക്കുന്നു എന്നറിയുമ്പോൾ സാമൂഹ്യ സാംസ്കാരിക അധഃപതനമാണ് വെളിവാകുന്നത്. ഇതെല്ലാം ഒരു പ്രത്യേക സ്ഥലത്തോ, ദേശത്തോ, രാജ്യത്തോ നടക്കുന്നതല്ല. മറിച്ച് ലോക വാർത്തകൾപോലും ഈ വിധത്തിലാണ്.

എല്ലാ കാര്യങ്ങളിലും സ്ത്രീകൾക്കും, പുരുഷൻമാർക്കും തുല്ല്യത മൗലിക അവകാശമായി 72 വർഷങ്ങൾക്ക് മുമ്പ് ഭരണഘടനയിൽ എഴുതപ്പെട്ട രാജ്യമാണ് ഇന്ത്യ. അതോടൊപ്പം സ്ത്രീകൾക്കും, കുട്ടികൾക്കും എല്ലാവിധ സംരക്ഷണവും ഉറപ്പ് വരുത്തുമെന്നും ഭരണഘടനയിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

പ്രമാണവും, കോടതിവിധികളും എന്റെ കൈയ്യിലുണ്ട്. എന്നാൽ തെങ്ങിൽകയറി തേങ്ങയിടുന്നത് അയൽപക്കകാരനാണ് എന്ന് പറയുംപോലെ ഭരണഘടനയും, നിയമവും എല്ലാം ഉണ്ട്. എന്നാൽ അതിന്റെ ഗുണഫലം സ്ത്രീകൾക്ക് ഇന്നും ലഭ്യമാകുന്നില്ല.

പ്രസവവും, പ്രസവകാലവും മാന്യമായി അംഗീകരിക്കപ്പെടുന്നത് 1961 ൽ നെഹ്റു നടപ്പിലാക്കിയ പ്രസവാവധി ആനുകൂല്യ നിയമത്തിലൂടെയാണ്. 1976 ൽ തൊഴിലാളി പണയവെയ്പ്പ് നിരോധനവും, പുരുഷനും സ്ത്രീക്കും തുല്ല്യ വേതനവും ഉറപ്പ് വരുത്തുന്ന നിയമങ്ങൾ ഇന്ദിരാഗാന്ധി നടപ്പിലാക്കിയപ്പോൾ അത് സ്ത്രീകളുടെ ആത്മാഭിമാനം വർദ്ധിപ്പിച്ചു.

ശ്രീമതി സോണിയാഗാന്ധിയുടെ നേതൃത്വത്തിൽ 2005 ൽ രാജ്യത്ത് നടപ്പിലാക്കിയ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്തെ സ്ത്രീകളുടെ പരാശ്രയമില്ലാത്ത ജീവിതം ചെറിയ രീതിയിൽ ഉറപ്പ് വരുത്തി.

അടിസ്ഥാന വ്യവസ്ഥകളും, മാറ്റങ്ങളും ചില രീതിയിൽ ഉണ്ടായിട്ടുണ്ടെങ്കിലും സാമൂഹ്യമനോഭാവം ഇന്നും പുരുഷമേധാവിത്വത്തിലധിഷ്ടിതമാണ്. ഈ യാഥാർത്ഥ്യം പഠിച്ചും, വിലയിരുത്തിയും ആണ് ഐക്യരാഷ്ട്രസഭ 2030 ൽ ലിംഗസമത്വം എന്ന കൃത്യമായ ലക്ഷ്യം ലോകത്തിന് മുന്നിൽ സമർപ്പിച്ചിട്ടുള്ളത്. ഈ ലക്ഷ്യം നേടുന്നതിനുള്ള കഠിനപ്രയത്നത്തിലാണ് ഐക്യരാഷ്ട്രസഭയും, ILO യും. ഇത് മുൻ നിർത്തിയാണ് ലോക വനിതാദിനത്തിന് പ്രചോദനമായ ന്യൂയോർക്ക് പ്രക്ഷോഭത്തിന്റെ 165-ാം വർഷത്തിൽ സ്മരണജ്വാലയായി 165 ദീപങ്ങൾ തെളിയിച്ച് ഐ.എൻ.റ്റി.യു.സി. വുമൺ വർക്കേഴ്സ് കൗൺസിൽ ഈ വർഷത്തെ വനിതാദിനം ആചരിച്ചത്.

ഈ സ്മരണജ്വാല ഉത്ഘാടനം ചെയ്ത് ഞങ്ങൾക്ക് പരിപൂർണ്ണ പിന്തുണ നൽകിയ ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന്റെ വാക്കുകളും, പ്രവർത്തികളും ഞങ്ങൾക്ക് ആവേശമായി മാറുന്നു. അദ്ദേഹം ഐ.എൻ.റ്റി.യു.സി. ഗവേണിംഗ് ബോഡി അംഗമായിരുന്നപ്പോൾ ഐക്യരാഷ്ട്രസഭാ ലക്ഷ്യത്തിനായി നടത്തിയ പോരാട്ടങ്ങൾ ഞങ്ങൾക്ക് ബോദ്ധ്യമുണ്ട്.

മനുഷ്യ സാമൂഹ്യ ജീവിതക്രമങ്ങളിലും, സംസ്കാരങ്ങളിലും മാറ്റങ്ങൾ വരുത്തിയിട്ടുള്ളത് തൊഴിലാളികളാണ്. അതിൽ മുൻപന്തിയിൽ സ്ത്രീകൾ ഉണ്ടായിരുന്നു. അഹമ്മദാബാദിലെ ടെക്സ്റ്റൈൽ തൊഴിലാളികളെ സംഘടിപ്പിച്ച് സമരരംഗത്തേക്ക് നയിച്ച് ഇൻഡ്യൻ ദേശീയ ട്രേഡ് യൂണിയൻ പ്രസ്ഥാന രൂപീകരണത്തിന് തുടക്കമിട്ട അനസൂയ സാരാഭായിയുടെ പ്രവർത്തനങ്ങൾ നമുക്ക് എന്നും എപ്പോഴും ആവേശമാകണം.




അന്തർദേശീയ വനിതാ ദിനത്തിന്റെ ഭാഗമായി 165 -ാം തൊഴിലാളി സമര വാർഷിക ദിനമായ മാർച്ച് 8 ന് ഐ.എൻ.റ്റി.യു.സി. വുമൺ വർക്കേഴ്സ് കൗൺസിൽ സംഘടിപ്പിച്ച സ്മരണജ്വാല ഐ.എൻ.റ്റി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു.


വികസന പദ്ധതികൾ
നാടിന്റെ വളർച്ച!

തദ്ദേശീയ സമരങ്ങൾ ആവശ്യമില്ല!

പാരിസ്ഥിതിക ആശങ്കകൾ മാറ്റാൻ
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

www.keralapcb.nic.in

KERALA

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

കേരള സർക്കാർ

# ഗാന്ധി പദ വിവാദം
# അർത്ഥശൂന്യവും ശുദ്ധ വിവരക്കേടും

രാഷ്ട്രീയ നിരീക്ഷകൻ

മഹാത്മാഗാന്ധിയുടെ പേരിലെ ഗാന്ധി എന്ന പദം നെഹ്റു കുടുംബത്തിലെ ഇന്ദിരാ ഗാന്ധി മുതൽ പ്രിയങ്കാഗാന്ധി വരെ തങ്ങളുടെ പ്രശസ്തിയ്ക്ക് വേണ്ടി അനധികൃതമായി ഉപയോഗിക്കുന്നു എന്ന വ്യാജപ്രചരണം RSSഉം സംഘപരിവാറും നിരവധി നാളുകളായി നടത്തിവരുന്നു. ഇപ്പോൾ ഇജങ ലെ ചില നേതാക്കളും ഇത് ആവർത്തിക്കുന്നു. വസ്തുതകൾക്ക് നിരക്കാത്തതും, അർത്ഥശൂന്യവും, ശുദ്ധവിവരക്കേടും ആണ് ഈ പ്രചരണം.

വ്യക്തികളുടെ പേരിനൊപ്പം വീട്ടുപേരോ, അച്ഛന്റെ പേരോ, വീടിന്റെ ആദ്യാക്ഷരമോ, അച്ഛന്റെ പേരിന്റെ ആദ്യാക്ഷരമോ, രണ്ടും കൂടിയോ, സ്ഥലപ്പേരോ, ജനിച്ച കുലത്തിന്റെ പേരോ, വംശത്തിന്റെ പേരോ ചേർക്കുക സ്വാഭാവികമാണ്. ഇതിന് ഇൻഷ്യൽ എന്നും, സർനെയിം എന്നും പറയും. വിവാഹിതരായി കഴിഞ്ഞാൽ ഭർത്താവിന്റെ പേരോ, സർനെയിമോ തന്റെ പേരിനോടൊപ്പം മിക്കവാറും സ്ത്രീകൾ ചേർക്കും. സ്വന്തം പേരും, സർനെയിമും ഏത് സമയത്തും മാറ്റുവാൻ ഏത് വ്യക്തിക്കും അവകാശമുണ്ട്. കസ്തൂർബാ ഗോഗുൽദാസ് കപാഡിയ ഗാന്ധിജിയെ വിവാഹം കഴിച്ചപ്പോൾ കസ്തൂർബാ ഗാന്ധി ആയി മാറി.

ഗുജറാത്തിലെയും, പഞ്ചാബിലെയും ബനിയ വിഭാഗത്തിലുള്ളവർ തങ്ങളുടെ പേരിനൊപ്പം പൊതുവായി ഉപയോഗിക്കുന്ന സർനെയിം ആണ് ഗാന്ധി എന്നപദം. മഹാത്മാഗാന്ധിയും ഈ വിഭാഗത്തിൽപ്പെട്ടതായതുകൊണ്ട് അദ്ദേഹത്തിന്റെ പേര് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നായി. ഈ രീതിയിലുള്ള സർനെയിമുകളാണ് നെഹ്റു, ഗണ്ഡി, മോഡി, കാരാട്ട്, യച്ചൂരി, പിണറായി, കോടിയേരി തുടങ്ങിയ വാക്കുകൾ.

1912 ൽ പാഴ്സി മതത്തിൽ ജനിച്ച ഫിറോസ് ഗാന്ധിയുടെ ആദ്യപേര് ഫിറോസ് ജഹാംഗീർ ഗണ്ഡി എന്നായിരുന്നു. 1930 ൽ 18-ാമത്തെ വയസ്സ് മുതൽ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ തുടങ്ങി. ബ്രിട്ടീഷുകാരാൽ അറസ്റ്റ് ചെയ്യപ്പെട്ട അദ്ദേഹം ലാൽ ബഹദൂർ ശാസ്ത്രിയോടൊപ്പം 19 മാസം ജയിലിലടയ്ക്കപ്പെട്ടു. ഈ കാലയളവിൽ ഗാന്ധിജിയോടുള്ള ആരാധനയുടെ പേരിൽ ഫിറോസ് ജഹാംഗീർ ഗണ്ഡി എന്ന തന്റെ പേര് ഫിറോസ് ഗാന്ധി എന്ന് മാറ്റി. ഇതിനുള്ള അവകാശം അദ്ദേഹത്തിനുണ്ട്.

പേര് മാറ്റി 12 വർഷങ്ങൾക്ക് ശേഷം 1942 ൽ ആണ് ഇന്ദിരാ പ്രിയദർശിനി നെഹ്റുവിനെ ഫിറോസ് ഗാന്ധി വിവാഹം ചെയ്യുന്നത്. വിവാഹശേഷം തന്റെ പേരിനോടൊപ്പമുള്ള പിതാവിന്റെ സർനെയിമായ നെഹ്റുവിന് പകരം ഭർത്താവിന്റെ സർനെയിം ചേർത്ത് ഇന്ദിരാഗാന്ധി എന്ന് പേര് മാറ്റി. ഭർത്താവിന്റെ സർനെയിം സ്വന്തം പേരിനോടൊപ്പം ഇന്ദിരാഗാന്ധി സ്വീകരിച്ചതിൽ എവിടെയാണ് വിവാദത്തിനുള്ള പ്രസക്തി. എവിടയൊണ് ഗാന്ധി എന്ന പേരിന്റെ ദുരുപയോഗം.

ഫിറോസ് ഗാന്ധിയുടെ മക്കളായ രാജീവും, സഞ്ജയും സ്വന്തം പിതാവിന്റെ സർനെയിം തങ്ങളുടെ പേരിനോടൊപ്പം ചേർത്ത് രാജീവ് ഗാന്ധിയെന്നും, സഞ്ജയ് ഗാന്ധിയെന്നും അറിയപ്പെട്ടതിൽ എവിടെയാണ് അപാകത. രാജീവ് ഗാന്ധിയുടെ ഭാര്യ ഭർത്താവിന്റെ സർനെയിം സ്വീകരിച്ച് സോണിയാഗാന്ധിയെന്നായി മാറിയതിൽ എവിടെയാണ് കൃത്രിമം.

രാജീവ്ഗാന്ധിയുടെ മക്കളായ രാഹുലും, പ്രിയങ്കയും അച്ഛന്റെ സർനെയിം ചേർത്ത് രാഹുൽ ഗാന്ധിയെന്നും, പ്രിയങ്കാ ഗാന്ധിയെന്നും പേര് സ്വീകരിച്ചതിൽ മഹാത്മാഗാന്ധിയുടെ പേര് എവിടെയാണ് ദുരുപയോഗിക്കപ്പെട്ടത്. ഗാന്ധി എന്ന പേര് സ്വന്തം പ്രശസ്തിക്ക് വേണ്ടി നെഹ്റുകുടുംബം സ്വായത്തമാക്കിയെന്ന് പറയുന്നതും പ്രചരിപ്പിക്കുന്നതും ദുഷ്ടലാക്കാണ്. സ്വന്തം പിതാവിന്റെയും, ഭർത്താവിന്റെയും പേര് സ്വീകരിക്കുന്നതിൽപോലും കള്ളക്കഥകൾ പടച്ച് പ്രചരിപ്പിക്കുന്നവർ ഷണ്ഡന്മാരും, വിവരദോഷികളുമാണ്.

പേരിനൊപ്പം ഗാന്ധിയെന്ന് വിളിക്കപ്പെടുന്ന പതിനായിരങ്ങൾ ഗുജറാത്തിലും, പഞ്ചാബിലും, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും ഉണ്ട്. മോഡിയെന്നും, ഷായെന്നും, യച്ചൂരിയെന്നും, കാരാട്ട് എന്നും പേരുള്ളവരും രാജ്യത്ത് ധാരാളമുണ്ട്.

വസ്തുതകൾ ഇതായിരിക്കെ നെഹ്റു കുടുംബത്തിനെതിരെ അസൂയക്കാർ ഈവിധം പുലമ്പുമ്പോൾ രോഷമുണ്ടെങ്കിലും ഈ പ്രചരണ ദോഷൈകദൃക്കുകളുടെ ഗതികേടിൽ സഹതാപം തോന്നുന്നു.

ഭരണവൈകല്യങ്ങൾ മൂലം ദുരുതം അനുഭവിക്കുന്ന ജനങ്ങളുടെ ശ്രദ്ധ തിരിക്കുന്നതിന് വേണ്ടി 74 വർഷം മുമ്പ് രക്തസാക്ഷിത്വം വരിച്ച രാഷ്ട്രപിതാവ് മഹാത്മജിയെയും 62 വർഷം മുമ്പ് അന്തരിച്ച ഫിറോസ് ഗാന്ധിയെയും 58 വർഷം മുമ്പ് അന്തരിച്ച ജവഹർലാൽ നെഹ്റുവിനെയും 42 വർഷം മുമ്പ് അന്തരിച്ച സഞ്ജയ് ഗാന്ധിയെയും 38 വർഷം മുമ്പ് രക്തസാക്ഷിത്വം വരിച്ച ഇന്ദിരാ ഗാന്ധിയെയും 31 വർഷം മുമ്പ് രക്തസാക്ഷിയായ രാജീവ് ഗാന്ധിയെയും കൂട്ടിയിണക്കി അപവാദങ്ങൾ പ്രചരിപ്പിക്കുന്നു. കഷ്ടം പരമകഷ്ടം എന്നേ പറയാൻ കഴിയൂ. ഇതാണോ രാഷ്ട്രീയം?

എന്നാൽ ഇതേ നെഹ്റു കുടുംബത്തിലെ ഗാന്ധി എന്നു പേരുള്ള മേനകഗാന്ധിയെയും വരുൺഗാന്ധിയെയും തങ്ങളോടൊപ്പം ചേർത്ത് നിർത്തിയും എം.പി. യും മന്ത്രിയുമൊക്കെ ആക്കിയപ്പോൾ ഗാന്ധി എന്ന പേര് മാറ്റി വരാൻ അവരോട് ആരും ആവശ്യപ്പെട്ടതായി കേട്ടിട്ടില്ല. എന്നുമാത്രമല്ല നെഹ്റു കുടുംബത്തെ പിളർത്തി എന്ന് വീമ്പ് പറയുകയാണ് ഇന്നത്തെ ദുർപ്രചരണക്കാർ ചെയ്തിട്ടുള്ളത്.

ഗാന്ധിജിയെയും നെഹ്റുവിനെയും എല്ലാ വിധത്തിലും അപമാനിക്കുകയും അപഹസിക്കുകയും ചെയ്യുമ്പോഴും ഗാന്ധിയെയും ഗാന്ധിയിസത്തെയും നെഹ്റുവിനെയും നെഹ്റുയിസത്തെയും ഈ കൂട്ടർ ഇന്നും രാഷ്ട്രീയമായി ഭയപ്പെടുന്നു എന്നതിന്റെ തെളിവ് കൂടിയാണ് ഇത്തരം പ്രചരണങ്ങൾ.



# 2022 ഏപ്രിൽ 5 ന് ചൊവ്വാഴ്ച ഡൽഹിയിൽ ചേർന്ന പാർലമെന്ററി പാർട്ടി യോഗത്തിൽ കോൺഗ്രസ്സ് അദ്ധ്യക്ഷ ശ്രീമതി സോണിയാഗാന്ധി നടത്തിയ പ്രസംഗത്തിന്റെ മലയാളം പരിഭാഷ

ഗാർഖെജി,
അധീർ രഞ്ജൻ ജി,
രാഹുൽ ജി,
സഹ എം.പി.മാർ,

നമ്മുടെ വളരെ മുതിർന്നവരും പരിചയ സമ്പന്നരുമായ നാല് സഹപ്രവർത്തകർ ഇപ്പോൾ രാജ്യസഭയിൽ നിന്ന് വിരമിച്ചിരിക്കുന്നു. അടുത്ത യോഗത്തിന് മുമ്പായി കൂടുതൽ പേർ ഇനിയും വിരമിക്കും. ഇവർ ഓരോരുത്തരും തങ്ങളുടെ പ്രവർത്തനങ്ങളിൽ നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. അവർക്കെല്ലാം ഞാൻ നന്ദിപറയുന്നു. ഇവരെല്ലാവരും തങ്ങളുടെ പൊതു രാഷ്ട്രീയ ജീവിതത്തിൽ ഏതെങ്കിലും തരത്തിൽ ഇനിയും പങ്കാളികളായി തുടരുമെന്നും നമ്മുടെ പാർട്ടിയെ ശക്തിപ്പെടുത്താൻ പ്രവർത്തിക്കുമെന്നും എനിക്ക് ഉറപ്പുണ്ട്.

പാർലമെന്റിന്റെ ഈ സമ്മേളനത്തിൽ ബഡ്ജറ്റും വിവിധ മന്ത്രാലയങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ചുമുള്ള ചർച്ചകളും നടന്നുകഴിഞ്ഞു. നിങ്ങളിൽ പലരും ചർച്ചകളിൽ പങ്കെടുക്കുകയും നമ്മുടെ പാർട്ടിയുടെ കാഴ്ചപ്പാടുകൾ ശക്തമായി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൊതുപ്രാധാന്യമുള്ള വിഷയങ്ങളും നമ്മുടെ എം.പി.മാർ ഇരുസഭകളിലും ഉന്നയിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ മനോഭാവത്തിൽ യാതൊരു മാറ്റവും പ്രകടമായില്ല. ചെറുകിട ഇടത്തരം വ്യവസായങ്ങൾ ഏറ്റവും അപകടകരമായ അവസ്ഥയിലാണ്. കർഷകർക്ക് നൽകിയ ഉറപ്പുകൾ പാലിക്കാൻ പോകുന്നതായി യാതൊരു സൂചനയും ഇല്ല. പെട്രോൾ, ഡീസൽ, പാചകവാതകം, വളം, മറ്റ് അവശ്യസാധനങ്ങൾ എന്നിവയുടെ വില താങ്ങാനാകാത്തവിധം ഉയർന്ന് ദിവസേന വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കുറച്ച് ദിവസങ്ങൾക്ക് മുമ്പ് നമ്മുടെ പാർട്ടി രാജ്യവ്യാപകമായി പണപ്പെരുപ്പമുക്ത ഭാരത് എന്ന പ്രചരണം വ്യാപകമായി നടത്തി. അതിൽ നിങ്ങളിൽ പലരും പങ്കെടുത്തു. ഈ പ്രചരണവും അതിന്റെ ദൗത്യവും ഇനിയും തുടരണം.

കഴിഞ്ഞകാല ഭരണകൂടങ്ങൾ, അനിവാര്യമായതും, വളരെ ശരിയായതുമായ പല കാര്യങ്ങളും അടിത്തറയിട്ട് നടപ്പിലാക്കി. എന്നാൽ മറ്റ് ചിലർ അതിന്റെ അവകാശികളായി ഇന്ന് സ്വയം ചമയുന്നു. ഡജഅ സർക്കാരിന്റെ രണ്ട് പ്രധാനകാര്യങ്ങൾ കഴിഞ്ഞ കോവിഡ്കാലത്തെ രണ്ട് വർഷം കോടിക്കണക്കിന് ജനങ്ങൾക്ക് കാര്യമായ സഹായമായി മാറി എന്നതിൽ എനിക്ക് അതി

യായ സന്തോഷമുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതിയും, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയും ആണിവ. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിലെ വേതനം നൽകുന്നതിലെ കാലതാമസവും, വേതനവർദ്ധന ആവശ്യവും ചൂണ്ടിക്കാണിച്ചപ്പോൾ ബന്ധപ്പെട്ട മന്ത്രി അത് നിഷേധിക്കുകയാണ് ചെയ്തത്.

അതിർത്തിയിൽ നടക്കുന്ന ഗുരുതരമായ സ്ഥിതിഗതികളെക്കുറിച്ച് കൂട്ടായ ചർച്ചകളിലൂടെ ഒരു പൊതുതീരുമാനത്തിൽ മുന്നോട്ടുപോകാൻ കഴിയുംവിധം ചർച്ചകൾ ഉണ്ടാകണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും സർക്കാർ അതിന് തയ്യാറാകുന്നില്ല. ഇന്ത്യൻ വിദേശനയത്തിന്റെ അടിസ്ഥാനമൂല്യം ചേരിചേരാ നയമായിരുന്നു. ഇത് വളരെയധികം വിമർശന വിധേയമായതാണ്. ഈ നയം പരസ്യമായി അംഗീകരിച്ചില്ലെങ്കിലും ഇന്ന് അതിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളുവാൻ നിലവിലെ ഭരണകൂടം തയ്യാറായതിൽ ഞാൻ സന്തോഷിക്കുന്നു.

യുക്രെയിനിൽ നിന്നും ഒഴിപ്പിക്കപ്പെട്ട ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി എത്രയും വേഗം ഉറപ്പാക്കേണ്ടതുണ്ട്. അധികം വൈകാതെ രാജ്യത്തെ മെഡിക്കൽ വിദ്യാഭ്യാസത്തിനായി ജനങ്ങൾക്കുണ്ടാകുന്ന ഭാരിച്ച ചിലവ് പരിഹരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

തൊഴിലാളികളെയും കർഷകരെയും പ്രതികൂലമായി ബാധിക്കുന്ന കേന്ദ്രസർക്കാരിന്റെ നയങ്ങളിൽ പ്രതിഷേധിച്ച് നമ്മുടെ ഐ.എൻ.റ്റി.യു.സി. ഉൾപ്പെടുന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത ഫോറം മാർച്ച് 28, 29 തീയതികളിൽ ദേശീയ പണിമുടക്ക് നടത്തിക്കഴിഞ്ഞു. തൊഴിലില്ലായ്മയും, തൊഴിൽ അരക്ഷിതാവസ്ഥയും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് തൊഴിൽ നിയമങ്ങൾ പൂർണ്ണമായും ദുർബലപ്പെടുത്തിയിരിക്കുന്നു. പ്രൊവിഡന്റ് ഫണ്ട് പലിശനിരക്ക് ഗണ്യമായി കുറച്ചിരിക്കുന്നു. പട്ടികജാതിക്കാർക്കും, പട്ടികവർക്ഷക്കാർക്കും ജോലി ലഭിക്കുന്നതിനുള്ള പ്രധാനമാർക്ഷമായ പൊതുമേഖലാ സ്ഥാപനങ്ങൾ അസറ്റ് മോണിറ്റൈസ്സേഷൻ (ആസ്തി ധനസമ്പാദനം) എന്ന പേരിൽ വിറ്റഴിക്കുന്നു. നോട്ട് അസാധുവാക്കൽപോലെ മറ്റൊരു ദുരന്തമായിരിക്കും ഇത്.

ഭരിക്കുന്ന പാർട്ടിയും അതിന്റെ നേതാക്കളും സ്വീകരിച്ചിരിക്കുന്ന ഭിന്നിപ്പിക്കൽ ധ്രുവീകരണ അജണ്ട വിവിധ സംസ്ഥാനങ്ങളിൽ സംവാദം ഉയർത്തിയിരിക്കുന്നു. ചരിത്രം എന്നത് വെറുമൊരു പുരാതന കാര്യമല്ല. എന്നാൽ ചരിത്രയാഥാർത്ഥ്യങ്ങളെ വികലവും വിദ്വേഷകരവും ആയി വളച്ചൊടിച്ച് ഭിന്നിപ്പിക്കൽ അജണ്ട നടപ്പിലാക്കാൻ അവർ ശ്രമിക്കുന്നു. അതിനാവശ്യമായ ഇന്ധനം അവർ പകർന്ന് നൽകുന്നു. ഈ വിദ്വേഷശക്തികളെ നമ്മൾ ഒരുമിച്ച് നിന്ന് നേരിടണം. നൂറ്റാണ്ടുകളായുള്ള നമ്മുടെ വൈവിധ്യമാർന്ന സാമൂഹ്യ വ്യവസ്ഥിതികൾ നിലനിർത്താനും അതിനെ സംരക്ഷിച്ച് വളർത്തിയെടുക്കാനും ശ്രമിക്കുന്നതോടൊപ്പം ഈ സൗഹാർദ്ദ ബന്ധങ്ങൾ തകർക്കാൻ നമ്മൾ ആരെയും അനുവദിക്കില്ല.

ഭരണകക്ഷി, പ്രതിപക്ഷ നേതാക്കളെയും അവരുടെ പ്രവർത്തകരെയും ലക്ഷ്യമിടുന്നത് തുടരുന്നു. ഭരണകൂട അധികാര സംവിധാനത്തിന്റെ മുഴുവൻ ശക്തിയും ഇവർക്കെതിരെ അഴിച്ച് വിടുകയാണ്. ജനങ്ങൾക്ക് വേണ്ടി നല്ല രീതിയിൽ ഭരിക്കുക എന്നതിന് പകരം പരമാവധി ഭയവും, ഭീഷണിയും പ്രചരിപ്പിക്കുക എന്നതായി മാറിയിരിക്കുന്നു ഭരണകൂടപ്രവർത്തികൾ. എന്നാൽ ഇത്തരം ഭീഷണികളും, തന്ത്രങ്ങളും നമ്മളെ ഭയപ്പെടുത്തുകയോ നിശബ്ദരാക്കുകയോ ചെയ്യില്ല.

സമീപകാല തിരഞ്ഞെടുപ്പ് ഫലങ്ങളിൽ നിങ്ങൾ എത്രമാത്രം നിരാശരാണെന്ന് എനിക്ക് നന്നായി അറിയാം. അവയെല്ലാം ഞെട്ടിക്കുന്നതും, വേദനാജനകവും ആയിരുന്നു. ഈ വിഷയം അവലോകനം ചെയ്യാൻ കോൺഗ്രസ്സ് പ്രവർത്തകസമിതി ഒരു പ്രാവശ്യം യോഗം ചേർന്നു കഴിഞ്ഞു. ഞാൻ മറ്റ് സഹപ്രവർത്തകരെയും കണ്ടുകഴിഞ്ഞു. നമ്മുടെ പാർട്ടിയെ ശക്തിപ്പെടുത്തുവാനുള്ള നിരവധി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ട്. അവയിൽ പലതും വളരെ ഗുണകരമാണ്. ചിന്തൻ ശിബിരം എന്ന പേരിൽ പാർട്ടി സമ്മേളനം നടത്തേണ്ടത് അനിവാര്യമാണ്. പാർട്ടിയെ ശക്തിപ്പെടുത്താൻ കൂടുതൽ സഹപ്രവർത്തകരുടെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും ഈ സമ്മേളനത്തിലുണ്ടാകും. അത് കേൾക്കുവാനും കഴിയും. നിലവിലെ പ്രതിസന്ധി പരിഹരിക്കാനും, പാർട്ടിയെ കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള ഒരു ക്രിയാത്മക നിർദ്ദേശ രൂപീകരണം ഈ ചിന്തൻ ശിബിരത്തിലുണ്ടാകും.

മുന്നോട്ടുള്ള പാത കഴിഞ്ഞകാലങ്ങളെക്കാൾ വെല്ലുവിളി നിറഞ്ഞതാണ്. നമ്മുടെ സഹിഷ്ണതാ മനോഭാവവും, അർപ്പണബോധവും, നിശ്ചയദാർഢ്യവും കടുത്ത പരീക്ഷണത്തിലാണ്. ഈ പ്രതിസന്ധി നേരിടാൻ പാർട്ടിയടെ എല്ലാ തലങ്ങളിലും ഉള്ള ഐക്യം പരമപ്രധാനമാണ്. നമ്മുടെ പുനഃജീവനം നമുക്ക് മാത്രം വേണ്ടിയുള്ളതല്ല മറിച്ച് ജനാധിപത്യ സംരക്ഷണത്തിനും സാമൂഹ്യപുരോഗതിക്കും അത് അനിവാര്യമാണ്.

സുഹൃത്തുക്കളെ, അടുത്ത 3 മാസത്തേയ്ക്ക് നമുക്ക് ഇതുപോലെ ഒത്തുചേരാൻ കഴിയില്ല. അതിനാൽ ഇടവേളയിൽ ഞാൻ നിങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു. നമ്മുടെ പാർട്ടി ആരംഭിക്കുന്ന പ്രചരണ പരിപാടികളിൽ നിങ്ങളുടെ പൂർണ്ണമായ പങ്കാളിത്തം ഞാൻ പ്രതീക്ഷിക്കുന്നു.

നന്ദി,

പരിഭാഷപ്പെടുത്തിയത് വി.ജെ. ജോസഫ്



സംസ്ഥാന പ്രസിഡന്റായി ഐക്യകണ്ഠ്യേന
തിരഞ്ഞെടുക്കപ്പെട്ട

# ആർ. ചന്ദ്രശേഖരൻ

# 2022 ജനുവരിയിൽ നടന്ന ഐ.എൻ.ടി.യു.സി. ജില്ലാ തിരഞ്ഞെടുപ്പിൽ വിജയിച്ച പ്രസിഡന്റുമാർ



വി. ആർ. പ്രതാപൻ
(തിരുവനന്തപുരം)



എ.കെ. ഹഫീസ്
(കൊല്ലം)



മലയാലപ്പുഴ
ജ്യോതിഷ് കുമാർ
(പത്തനംതിട്ട)



ജി. ബൈജു
(ആലപ്പുഴ)



ഫിലിപ്പ് ജോസഫ്
(കോട്ടയം)



കെ.വി. ജോർജ്ജ് കരിമറ്റം
(ഇടുക്കി)



കെ. കെ. ഇബ്രാഹീംകുട്ടി
(എറണാകുളം)



സുന്ദരൻ കുന്നത്തുള്ളി
(തൃശ്ശൂർ)



ചീങ്ങന്നൂർ മനോജ്
(പാലക്കാട്)



കെ. രാജീവ്
(കോഴിക്കോട്)



വി.പി. ഫിറോസ്
(മലപ്പുറം)



പി.പി. ആലി
(വയനാട്)



ജോസ് ജോർജ്ജ് പ്ലാത്തോട്ടം
(കണ്ണൂർ)



പി.ജി. ദേവ്
(കാസർഗോഡ്)

**Department of Economics & Statistics**

No.DES/859/2022-P3(1) Thiruvananthapuram , 08/03/2022

***Consumer Price Index Numbers for Agricultural Labourers and Industrial Workers for the Month of January 2022***

Vide G.O.(MS) No.103/2013/LBR. dated 31-8-2013 of Labour and Skills (E) Department , Government of Kerala and the G.O. (MS) No. 34/2015/LBR. dated 26-03-2015 published in the Kerala Gazette extra ordinary No.19 ( Vol.IV ) dated 12-05-2015.


| Slno. | Centre | Linking Factor* | Index Numbers for Base : 2011-12 = 100 | | Estimated Indices for Base : 1998-99 = 100 | |
|---|---|---|---|---|---|---|
| | | | December 2021 | January 2022 | December 2021 | January 2022 |
| 1 | Thiruvananthapuram | 2.11 | 186 | 185 | 392 | 390 |
| 2 | Kollam | 2.09 | 181 | 183 | 378 | 382 |
| 3 | Punalur | 2.10 | 188 | 189 | 395 | 397 |
| 4 | Pathanamthitta | 2.03 | 197 | 197 | 400 | 400 |
| 5 | Alappuzha | 2.05 | 193 | 192 | 396 | 394 |
| 6 | Kottayam | 2.08 | 188 | 190 | 391 | 395 |
| 7 | Mundakayam | 2.17 | 183 | 185 | 397 | 401 |
| 8 | Idukki | 1.97 | 185 | 186 | 364 | 366 |
| 9 | Ernakulam | 2.03 | 182 | 182 | 369 | 369 |
| 10 | Chalakkuddy | 2.00 | 193 | 193 | 386 | 386 |
| 11 | Thrissur | 1.87 | 196 | 195 | 367 | 365 |
| 12 | Palakkad | 2.09 | 176 | 176 | 368 | 368 |
| 13 | Malappuram | 2.00 | 182 | 182 | 364 | 364 |
| 14 | Kozhikode | 2.02 | 189 | 188 | 382 | 380 |
| 15 | Wayanad | 1.93 | 182 | 184 | 351 | 355 |
| 16 | Kannur | 2.02 | 196 | 197 | 396 | 398 |
| 17 | Kasargod | 2.05 | 190 | 190 | 390 | 390 |

** Linking factors approved in G.O (MS) No .34/2015/LBR. dated 26-03-2015 have been used with effect from April 2015. Base in old series is 1998-99 = 100 for all centres.*

The Consumer Price Index (Cost of Living Index) Numbers applicable to employees in employment under the Minimum Wages Act (Central Act XI of 1948) for the month of January 2022 as ascertained by the Director of Economics & Statistics under clause (C) of Section 2 of the Act.

Department of Economics & Statistics
Thiruvananthapuram , Dated 08/03/2022

**Sd/-**
**Sajeevu. P. P**
**Director**




**CONDOR GROUP**
P.O. Box: 5690
Dubai, UAE
**T** +971 43391 889
**F** +971 43393 221

**CONDOR BUILDERS**
Condor Plaza, Pattom,
Trivandrum 695 004, Kerala, India
**T** +91 471 244 9666, 244 9766
**E** marketing@thecondorgroup.com


39 YEARS OF EXPERTISE
ISO 9001: 2015 CERTIFIED COMPANY

INDIAN THOZHILALI MONTHLY RNI NO. KERMAL 2012/44178 TC _-_ LICENCED TO POST WITHOUT PREPAYMENT _-_ KL/QN/WPP 198/2020-22

LIGHT VISION HOPE
CHAITHANYA EYE
HOSPITAL & RESEARCH INSTITUTE

# CHAITHANYA MEDICAL CENTRE

Shastri Nagar, Kunjalumoodu, Karamana, Thiruvananthapuram



**CONSULTANT SERVICES AVAILABLE FROM MONDAY TO SATURDAY**

**DR. MAHESH SUKUMARAN**
Consultant Physician
& Endocrinologist
**TIMING: 9.00 AM TO 4.30 PM**

**DR. P.V. VIPIN**
Consultant
Chest Physician
**TIMING: 4.00 PM TO 6.00 PM**

**SERVICES AVAILABLE**

DIABETIC CLINIC | HYPERTENSION CLINIC | THYROID CLINIC | OBESITY CLINIC
CHEST CLINIC | ALLERGY CLINIC | ASTHMA CLINIC | SMOKING CESSATION
QUIT SMOKING CLINIC | SNORING DISORDER CLINIC

**FOR APPOINTMENT PLEASE CONTACT**

**0471 252 55 00**



TRIVANDRUM | KARAMANA | KOLLAM | KOTTAYAM | PALARIVATTOM | RAVIPURAM | THIRUVALLA

www.chaithanya.org

Sajan Thennila _-_ 9846560789